**Sahyanadham**
Published on 1st Januvary. 2017
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.

# സഹ്യനാദം

വാല്യം 14
ജനുവരി 2017
ലക്കം 01



## പുതുവത്സരാശംസകൾ

Printed at St. Martha's Offset Printers, Murickassery 685 604 Editor, Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 1
Month : January 2017





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ലോകസമാധാനദിനാഘോഷം | 05 |
| മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ | 18 |
| കർഷകദിനം – സർക്കുലർ | 27 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | 32 |
| ക്രൈസ്തവരുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം | 36 |
| രൂപതക്കച്ചേരി | 43 |
| ക്രിസ്തുജ്യോതി | 49 |
| വിദ്യാഭ്യാസം | 50 |
| സാമൂഹ്യസേവനം | 52 |
| ചെറുപുഷ്പ മിഷൻലീഗ് | 55 |
| കെ.സി.എസ്.എൽ. | 57 |
| കുടുംബ പ്രേഷിതത്വം | 59 |
| നവോമി കുടുംബകേന്ദ്രം | 59 |
| പ്രാർത്ഥനാഗ്രൂപ്പ് | 61 |
| കേരള ലേബർ മൂവ്മെന്റ് | 62 |
| ആത്മജ്യോതിയിലെ പരിപാടികൾ | 63 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 64 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 65 |


**"The Lord becomes man to journey with us in our everyday lives."**

*Pope Francis, Tweet, 19-12-2016*

## ഓർമ്മിക്കാൻ

### ജനുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വർഷാരംഭം, നമ്മുടെ കർത്താവിന്റെ നാമകരണം |
| 01-06 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 03 | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 | : | ദനഹാത്തിരുനാൾ |
| 06-07 | : | കെ.സി.എസ്.എൽ. രൂപതാ ലീഡേഴ്സ് ക്യാമ്പ്, അസ്സീസി തോപ്രാംകുടി |
| 08-12 | : | പ്രയർഗ്രൂപ്പ് ആത്മാഭിഷേക വിടുതൽ ധ്യാനം, സ്നേഹമന്ദിരം, പടമുഖം |
| 09-11 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 10-11 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 12-14 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 13 | : | വി. യോഹന്നാൻ മാംദാന |
| 17 | : | പ്രെസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |
| 18 | : | സഭൈക്യവാരം ആരംഭം |
| 19-22 | : | ഏലീശ്വാധ്യാനം, ആത്മജ്യോതി, അടിമാലി |
| 18-23 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 20 | : | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ, വി. സെബസ്ത്യാനോസ് |
| 20-22 | : | നവോമി ധ്യാനം |
| 21-22 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 24 | : | വി. ഫ്രാൻസിസ് സാലസ് |
| 25 | : | സഭൈക്യവാരം അവസാനിക്കുന്നു |
| | : | വി. പൗലോസിന്റെ മാനസാന്തരം |
| 26 | : | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| | : | വി. തിമോത്തേയോസും വി. തീത്തൂസും |
| | : | തിയോളജിക്കൽ സ്റ്റഡിഫോറം, ആത്മജ്യോതി അടിമാലി |
| | : | സി.എം.എൽ. രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്, കരിമ്പൻ |
| 27 | : | വി. സുവിശേഷകന്മാർ |
| 28 | : | വി. തോമസ് അക്വിനാസ് |
| 28-30 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 29 | : | വി. എസ്തപ്പാനോസ് |
| 30 | : | ലോകസമാധാനദിനം |
| 31 | : | വി. ജോൺ ബോസ്കോ |

C. 1. സർക്കുലർ

# അമ്പതാം ലോകസമാധാന ദിനാഘോഷം: ജനുവരി 1, 2017

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### അക്രമരാഹിത്യം: സമാധാനത്തിനുള്ള രാഷ്ട്രീയ ശൈലി

1. ഈ വർഷാരംഭത്തിൽ ലോകജനതകൾക്കും രാഷ്ട്രങ്ങൾക്കും സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും മതവിശ്വാസികൾക്കും സിവിൽ നേതാക്കൾക്കും സമൂഹനേതാക്കൾക്കും ഞാൻ സമാധാനം ഹൃദയപൂർവം ആശംസിക്കുന്നു. ഓരോ പുരുഷനും സ്ത്രീക്കും ശിശുവിനും ഞാൻ സമാധാനം ആശംസിക്കുന്നു. അളവറ്റ മഹത്ത്വമുള്ള വിശുദ്ധ ദാനങ്ങളായി പരസ്പരം അംഗീകരിക്കുന്നതിന് ഓരോ വ്യക്തിയിലുമുള്ള ദൈവിക പ്രതിഛായയും സാദൃശ്യവും നമ്മെ ശക്തരാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ച് സംഘട്ടനങ്ങളുടെ സാഹചര്യങ്ങളിൽ ഇതിനെ നമ്മുടെ "അത്യഗാധമായ മഹത്ത്വത്തെ"[1] നമുക്ക് ആദരിക്കാം. പ്രവർത്തനാത്മകമായ അക്രമരാഹിത്യം നമ്മുടെ ജീവിത മാർഗമാക്കിത്തീർക്കാം.

ലോകസമാധാനദിനത്തിനുള്ള അമ്പതാമത്തെ സന്ദേശമാണിത്. വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പാ കത്തോലിക്കരോടു മാത്രമല്ല എല്ലാ ജനതകളോടും തികഞ്ഞ സ്പഷ്ടതയോടെ ഇങ്ങനെ പറഞ്ഞു: "അധികാരതൃഷ്ണയുള്ള ദേശീയവാദങ്ങളോ അക്രമം വഴിയുള്ള കീഴടക്കലുകളോ, അബദ്ധപൂർണമായ സിവിൾക്രമത്തിനുവേണ്ടിയുള്ള മുഖ്യാധാരയായി പ്രയോഗിക്കപ്പെടുന്ന അടിച്ചമർത്തലുകളോ അല്ല, സമാധാനമാണ് മാനുഷിക പുരോഗതിക്കുള്ള ഏക മാർഗം."

"അന്താരാഷ്ട്ര സംഘർഷങ്ങൾ യുക്തിയുടെ മാർഗങ്ങൾ ഉപയോഗിച്ച് - അതായത് നിയമം, നീതി സമത്വം എന്നിവയിൽ അടി



യുറപ്പിച്ച - കൂടിയാലോചനകൾ വഴി - പരിഹരിക്കാനാവുകയില്ലെന്നും പിന്നെയോ ഭീഷണിപരവും കൊലപാതകപരവുമായ മാർഗങ്ങൾ ഉപയോഗിച്ചേ പരിഹരിക്കാനാവുകയുള്ളൂ എന്നും വിശ്വസിക്കുന്നതിന്റെ അപകട"ത്തെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നല്കി. തന്റെ മുൻഗാമിയായ വിശുദ്ധ ജോൺ 23-ാമന്റെ "ഭൂമിയിൽ സമാധാനം" എന്ന ചാക്രികലേഖനത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് സത്യത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ സമാധാനബോധത്തെയും സമാധാനസ്നേഹത്തെയും പ്രശംസിക്കുകയും ചെയ്തു.[2] ഈ വാക്കുകളുടെ പ്രാധാന്യമോ അടിയന്തിരസ്വഭാവമോ കഴിഞ്ഞ അമ്പതുവർഷംകൊണ്ട് അല്പംപോലും നഷ്ടപ്പെട്ടിട്ടില്ല.

സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയ ശൈലിയെന്ന നിലയിൽ അകമരാഹിത്യത്തെപ്പറ്റി വിചിന്തനം ചെയ്യാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഏറ്റവും വ്യക്തിപരമായ ചിന്തകളിലും മൂല്യങ്ങളിലും അക്രമരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നമ്മെയെല്ലാവരെയും സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. സമൂഹത്തിലും അന്താരാഷ്ട്രജീവിതത്തിലും വ്യക്തികളെന്ന നിലയിൽ നാം ഓരോരുത്തരും പെരുമാറേണ്ടത് എങ്ങനെയെന്ന് പരസ്നേഹവും അക്രമരാഹിത്യവും നിർദ്ദേശിക്കട്ടെ. അക്രമത്തിന് ഇരയായവർ പകരം വീട്ടാനുള്ള പ്രലോഭനത്തെ തടയാൻ കഴിവുള്ളവരാകുമ്പോൾ അവർ അക്രമരാഹിത്യമായ സമാധാനപാലനത്തിന്റെ വിശ്വസനീയരായ പ്രചോദകരായിരിക്കും. പ്രാദേശികവും സാധാരണവുമായ മിക്ക സാഹചര്യങ്ങളിലും അന്താരാഷ്ട്രക്രമത്തിലും അക്രമരാഹിത്യം നമ്മുടെ തീരുമാനങ്ങളുടെയും ബന്ധങ്ങളുടെയും പ്രവൃത്തികളുടെയും യഥാർത്ഥത്തിൽ എല്ലാ രൂപങ്ങളിലുമുള്ള രാഷ്ട്രീയ ജീവിതത്തിന്റെയും മുദ്രയായിത്തീരട്ടെ.

**തകർന്ന ലോകം**

2. കഴിഞ്ഞ നൂറ്റാണ്ട് മാരകമായ രണ്ടു ലോകമഹായുദ്ധങ്ങൾ നടത്തിയ നശിപ്പിക്കലും ന്യൂക്ലിയർ യുദ്ധത്തിന്റെ ഭീഷണിയും മറ്റ് അനേകം സംഘട്ടനങ്ങളും അനുഭവിച്ചറിഞ്ഞു. ഇന്നാകട്ടെ, പല ഭാഗ

ങ്ങളായി സംഭവിക്കുന്ന ഭയാനകമായ ലോകയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരായി നമ്മെത്തന്നെ നാം കാണുന്നുവെന്നത് ദുഃഖകരമാണ്. നമ്മുടെ ഇന്നത്തെ ലോകത്തിന് അക്രമവാസന കഴിഞ്ഞകാലത്തേക്കാൾ കൂടുതലാണോ കുറവാണോയെന്ന് അറിയുക എളുപ്പമല്ല. ആധുനിക സമ്പർക്ക മാധ്യമങ്ങളും വർധിച്ച ചലനാത്മകതയും അക്രമത്തെക്കുറിച്ച് നമ്മെ കൂടുതൽ ബോധവാന്മാരാക്കുന്നുണ്ടോ അതോ അക്രമത്തെ സംബന്ധിച്ച് കൂടുതൽ പരിചയമുള്ളവരായിത്തീർക്കുകയാണോ എന്ന് അറിയുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഏതായാലും പല തരത്തിലും പല തലങ്ങളിലും "ഭാഗംഭാഗമായി" നടത്തപ്പെടുന്ന ഈ അക്രമം വലിയ സഹനത്തിനു കാരണമാകുന്നുണ്ട്. വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും നടത്തപ്പെടുന്ന യുദ്ധങ്ങൾ, ഭീകരതാവാദം, സംഘടിത കുറ്റകൃത്യം, അപ്രതീക്ഷിതമായ അക്രമപ്രവൃത്തികൾ, കുടിയേറ്റക്കാരും മനുഷ്യക്കടത്തിന്റെ ഇരകളും സഹിക്കുന്ന ദുരുപയോഗങ്ങൾ, പരിസ്ഥിതി നശിപ്പിക്കൽ എന്നിവ അത്തരത്തിൽപ്പെടുന്നു. ഇത് എങ്ങോട്ടാണു നയിക്കുന്നത്? ശാശ്വതമൂല്യമുള്ള ഏതെങ്കിലും ലക്ഷ്യം നേടാൻ അക്രമത്തിനു കഴിയുമോ? അത് പ്രത്യാക്രമണത്തിലേക്കു മാത്രമല്ലേ നയിക്കുന്നത്? കുറച്ചു "യുദ്ധകർത്താക്കൾ"ക്കു മാത്രം പ്രയോജനപ്പെടുന്ന മാരകസംഘട്ടനങ്ങളുടെ വൃത്തത്തിലേക്കല്ലേ നയിക്കുന്നത്?

തകർന്ന നമ്മുടെ ലോകത്തിനുള്ള ചികിത്സയല്ല അക്രമം. അക്രമത്തെ അക്രമംകൊണ്ട് എതിർക്കൽ നിർബന്ധിത കുടിയേറ്റത്തിലേക്കും അളവറ്റ സഹനത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ. കാരണം, സൈനിക ലക്ഷ്യങ്ങൾക്കായി അളവറ്റ വിഭവങ്ങൾ വഴിമാറ്റി പ്രയോഗിക്കുന്നു. യുവജനങ്ങളുടെയും ക്ലേശിക്കുന്ന കുടുംബങ്ങളുടെയും വൃദ്ധജനങ്ങളുടെയും രോഗികളുടെയും ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അനുദിനാവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളാണ് അപ്രകാരം ഉപയോഗിക്കുന്നത്. അത് എല്ലാവരെയും മരണത്തിലേക്കു നയിച്ചില്ലെങ്കിലും അനേകരെ ശാരീരികവും ആധ്യാത്മികവുമായ മരണത്തിലേക്കു നയിക്കുമെന്നതാണ് ഏറ്റവും വലിയ കഷ്ടം.



## സദ്‌വാർത്ത

യേശുക്രിസ്തുതന്നെ ജീവിച്ചിരുന്നത് ക്രമാസക്തമായ ഒരു കാലഘട്ടത്തിലാണ്. എന്നാലും അക്രമവും സമാധാനവും ഏറ്റുമുട്ടുന്ന യഥാർത്ഥ യുദ്ധഭൂമി മനുഷ്യഹൃദയമാണെന്ന് അവിടുന്നു പഠിപ്പിച്ചു: "എന്തെന്നാൽ, ഉള്ളിൽ നിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ്, ദുഷ്ടചിന്തകൾ വരുന്നത്" (മർക്കോ. 7:21). ഈ വിഷയത്തിൽ ക്രിസ്തുവിന്റെ സന്ദേശം മൗലികമായി ഭാവാത്മകമായ സമീപനം നല്കുന്നു. അവിടുന്ന് നിരന്തരം ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തെപ്പറ്റി പ്രസംഗിച്ചു. ആ സ്നേഹം സ്വാഗതം ചെയ്യുന്നതും ക്ഷമിക്കുന്നതുമാണ്. ശത്രുക്കളെ സ്നേഹിക്കാനും (cf. മത്താ. 5:44) ശത്രുവിനു മറ്റേ കരണം കൂടി കാണിക്കാനും അവിടന്ന് പഠിപ്പിച്ചു (cf. മത്താ. 5:39). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുന്നതിൽ നിന്ന് കുറ്റം പറയുന്നവരെ തടഞ്ഞപ്പോഴും (cf. യോഹ. 8:1-11), അവിടുന്ന് മരിക്കുന്നതിന്റെ തലേരാത്രി പത്രോസിനോട് വാൾ ഉപേക്ഷിക്കാൻ പറഞ്ഞപ്പോഴും അവിടുന്ന് അക്രമരാഹിത്യത്തിന്റെ വഴി കാണിച്ചു. അവിടുന്ന് അവസാനംവരെ, കുരിശുമരണം വരെ, ആ വഴിയേ സഞ്ചരിച്ചു. അങ്ങനെ അവിടുന്ന് നമ്മുടെ സമാധാനമായി. ശത്രുതയ്ക്ക് വിരാമമിടുകയും ചെയ്തു (cf. എഫേ. 2:14-16). യേശുവിന്റെ സദ്‌വാർത്ത സ്വീകരിക്കുന്ന ആർക്കും ഉള്ളിലുള്ള അക്രമവാസനയെ അംഗീകരിക്കാനും ദൈവത്തിന്റെ കരുണയാൽ സൗഖ്യം പ്രാപിക്കാനും അങ്ങനെ അനുരഞ്ജനത്തിന്റെ ഉപകരണമായിത്തീരാനും സാധിക്കും. വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ വാക്കുകളിൽ പറഞ്ഞാൽ, "നിങ്ങൾ വായ്കൊണ്ട് സമാധാനം അറിയിക്കുമ്പോൾ, നിങ്ങളുടെ ഹൃദയങ്ങളിൽ കൂടുതൽ അളവിൽ സമാധാനമുണ്ടെന്ന് ഉറപ്പുവരുത്തുവിൻ."[3]

യേശുവിന്റെ യഥാർത്ഥ അനുയായികളായിരിക്കുകയെന്നത് ഇന്നും അക്രമരാഹിത്യത്തെക്കുറിച്ചുള്ള അവിടുത്തെ പ്രബോധനം സ്വീകരിക്കുകയെന്ന കാര്യം ഉൾക്കൊള്ളുന്നുണ്ട്. എന്റെ മുൻഗാമിയായ ബനഡിക്ട് 16-ാമൻ നിരീക്ഷിച്ചതുപോലെ ആ പ്രബോധനം "യാഥാർത്ഥ്യബോധമുള്ളതാണ്. എന്തെന്നാൽ അമിതമായ അക്ര

മവും അനീതിയും ലോകത്തിൽ ഉണ്ടെന്നും അതുകൊണ്ട് കൂടുതൽ സ്നേഹംകൊണ്ടും കൂടുതൽ നന്മകൊണ്ടും ഈ സാഹചര്യത്തെ നേരിട്ടുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അതിനെ കീഴടക്കാനാവുകയില്ലെന്നും അത് കരുതുന്നു. ഈ "കൂടുതൽ" ദൈവത്തിൽ നിന്നു വരുന്നതാണ്.[4] അദ്ദേഹം തുടർന്ന് ഇങ്ങനെ ഊന്നിപ്പറയുന്നു: "ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അക്രമരാഹിത്യം നയതന്ത്രപരമായ പെരുമാറ്റമല്ല. പിന്നെയോ ആ വ്യക്തിയുടെ അസ്തിത്വശൈലിയാണ്. മനോഭാവമാണ്. സ്നേഹം സത്യം എന്നീ ആയുധങ്ങൾ മാത്രമുപയോഗിച്ച് തിന്മയെ കൈകാര്യം ചെയ്യാൻ ഭയപ്പെടേണ്ടതില്ലെന്നു കരുതത്തക്കവിധം ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും കുറിച്ച് അവബോധമുള്ള വ്യക്തിയുടെ മനോഭാവമാണത്. ശത്രുവിനോടുള്ള സ്നേഹം "ക്രൈസ്തവവിപ്ളവത്തിന്റെ ന്യൂക്ളിയസ്സാണ്."[5] നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന സുവിശേഷകല്പന (cf. ലൂക്കാ 6:27). "ക്രൈസ്തവ അക്രമരാഹിത്യത്തിന്റെ മാഗ്നാകാർട്ടയായി തികച്ചും ന്യായപൂർവ്വം കരുതപ്പെടുന്നു. അതു തിന്മയ്ക്കു കീഴടങ്ങലല്ല. തിന്മയോട് നന്മകൊണ്ട് പ്രതികരിക്കലാണ് (cf. റോമ. 12: 17-21). അങ്ങനെ അനീതിയുടെ ചങ്ങല തകർക്കലാണ്."[6]

**അക്രമത്തേക്കാൾ ശക്തിയുള്ളത്**

4. അക്രമരാഹിത്യത്തെ ചിലപ്പോൾ കീഴടങ്ങലായും ഉൾപ്പെടാതിരിക്കലായും നിഷ്ക്രിയത്വമായും കരുതാറുണ്ട്. വിശുദ്ധ മദർ തെരേസ 1979 - ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം സ്വീകരിച്ചപ്പോൾ കാര്യക്ഷമമായ അക്രമരാഹിത്യത്തെക്കുറിച്ചുള്ള സ്വന്തം സന്ദേശം വ്യക്തമായി നല്കി. അവർ പറഞ്ഞു: "സമാധാനം സ്ഥാപിക്കാൻ വേണ്ടി നാശകരമായ ബോംബുകളും തോക്കുകളും നമ്മുടെ കുടുംബത്തിൽ ആവശ്യമില്ല. നമ്മൾ കൂടിച്ചേരുക. പരസ്പരം സ്നേഹിക്കുക. അങ്ങനെ ചെയ്താൽ ലോകത്തിലെ സകല തിന്മകളെയും നമുക്ക് കീഴടക്കാം."[7] എന്തെന്നാൽ യ; ാപകരണങ്ങളുടെ ശക്തി വഞ്ചനാത്മകമാണ്. "ആയുധങ്ങളുടെ കള്ളക്കടത്തു നടത്തുന്നവർ അവരുടെ ജോലി ചെയ്യുമ്പോൾ പാവപ്പെട്ട സാമാധാന



സ്ഥാപകർ ഒരു വ്യക്തിയെയും പിന്നെ മറ്റൊരു വ്യക്തിയെയും സഹായിക്കാൻ വേണ്ടി ജീവൻ നല്കുന്നു." മദർ തെരേസ അത്തരം സാമാധാനസ്ഥാപകരുടെ "നമ്മുടെ കാലഘട്ടത്തിലെ സിംബലാണ്, ഐക്കൺ ആണ്."[8]

കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ വലിയ സന്തോഷം ഞാൻ അനുഭവിച്ചു. തന്നെത്തന്നെ എല്ലാവർക്കും സംലഭ്യയാക്കാൻ അവൾക്കുണ്ടായിരുന്ന സന്നദ്ധതയെ ഞാൻ പ്രശംസിച്ചു. "ജനിക്കാനിരിക്കുന്നതും പരിത്യജിക്കപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ മനുഷ്യജീവനെ സ്വാഗതം ചെയ്തും സംരക്ഷിച്ചും അവർ സകലർക്കും സംലഭ്യമായി. മരിക്കാൻ വഴിയരികുകളിൽ ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവൾ കുമ്പിട്ടു. അവരിൽ ദൈവദത്തമായ മഹത്വം ദർശിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അവൾ തന്റെ ശബ്ദം ലോകശക്തികളെ കേൾപ്പിച്ചു. അവരുടെ കുറ്റകൃത്യങ്ങളും അവർ സൃഷ്ടിച്ച ദാരിദ്ര്യവും മൂലം അവർ ചെയ്ത കുറ്റം അവർ തിരച്ചറിയുന്നതിനു വേണ്ടിത്തന്നെ."[9] ആ കുറ്റത്തോടുള്ള പ്രതികരണമായിരുന്നു അവരുടെ ദൗത്യം. അവൾ ആയിരക്കണക്കിന് മനുഷ്യർക്കു വേണ്ടിപോലും - നിലകൊണ്ടു. സഹിക്കുന്നവരിലേക്ക് ഉദാരതാപൂർണ്ണമായ സമർപ്പണത്തിലൂടെ എത്തിച്ചേരുകയും മുറിവേറ്റ ഒരോ മനുഷ്യശരീരത്തേയും സ്പർശിക്കുകയും മുറിവുകെട്ടി സുഖപ്പെടുത്തുകയും, തകർന്ന ഓരോ ജീവിതത്തെയും സ്വസ്ഥമാക്കുകയും ചെയ്യുകയെന്നതായിരുന്നു അവളുടെ ദൗത്യം.

അക്രമരാഹിത്യത്തിന്റെ നിർണ്ണായകവും സുസ്ഥിരവുമായ അഭ്യസനം ശ്രദ്ധേയമായ ഫലങ്ങൾ പുറപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയിൽ മഹാത്മാഗാന്ധിയും അബ്ദുൾഗാഫർഖാനും വംശവിവേചനത്തിനതിരേ ഡോ. മാർട്ടിൻ ലൂഥർകിംഗ് ജൂനിയറും നേടിയ നേട്ടങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. സ്ത്രീകൾ പലപ്പോഴും അക്രമരാഹിത്യത്തിന്റെ പ്രത്യേക നേതൃത്വം വഹിക്കുന്നവരായിട്ടുണ്ട്. ലീമാ ഗ്ബോവീയും ആയിരക്കണക്കിനു ലിബേറിയൻ സ്ത്രീകളും അതിനുള്ള ഉദാഹരണങ്ങളാണ്. അവർ സഹായത്തിനുള്ള പ്രാർത്ഥനകളും അക്രമരഹിത പ്രതിഷേധങ്ങളും സംഘ

ടിപ്പിക്കുകയും അതിന്റെ ഫലമായി ലിബേരിയയിൽ രണ്ടാം ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാൻ ഉന്നതതലത്തിലുള്ള സമാധാന ചർച്ചകൾ നടക്കുകയും ചെയ്തു.

യൂറോപ്പിൽ കമ്യൂണിസ്റ്റ് ഭരണക്രമങ്ങളുടെ തകർച്ചയോടെ അവസാനിച്ച സംഭവബഹുലമായ ദശകത്തെ മറക്കാനും നമുക്കു സാധ്യമല്ല. ക്രൈസ്തവസമൂഹങ്ങൾ തീവ്രമായ പ്രാർത്ഥനയും ധീരതയാർന്ന പ്രവർത്തനവും വഴി തങ്ങളുടെ സംഭാവന നല്കി. വിശുദ്ധ ജോൺ പോൾ 2-ാമന്റെ ശുശ്രൂഷയും പ്രബോധനവും പ്രത്യേകമാംവിധം സ്വാധീനം ചെലുത്തി. എന്റെ ആ മുൻഗാമി 1991-ൽ എഴുതിയ "നൂറാം വർഷം" എന്ന ചാക്രികലേഖനത്തിൽ 1989-ലെ സംഭവങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ട് ഒരു വസ്തുത ഉയർത്തിക്കാണിച്ചു. "സമാധാനപൂർണ്ണമായ എതിർപ്പുവഴി സത്യത്തിന്റെയും നീതിയുടെയും ആയുധങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട്"[10] ജനതകളുടെയും രാജ്യങ്ങളുടെയും സ്റ്റേറ്റുകളുടെയും ജീവിതത്തിൽ ഗൗരവാവഹമായ മാറ്റങ്ങൾ ഉണ്ടായി എന്നതാണ് ആ വസ്തുത. അധികാരത്തിന്റെ ശക്തിയ്ക്കു കീഴ്പ്പെടാൻ സമ്മതിക്കാതെ സത്യത്തിനു സാക്ഷ്യം വഹിക്കാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ കണ്ടു പിടിക്കുന്നതിൽ വീണ്ടും വീണ്ടും വിജയിച്ച ജനങ്ങളുടെ അക്രമരഹിതമായ സമർപ്പണം കൊണ്ടാണ്, ഭാഗികമായ, സമാധാനപൂർണ്ണമായ ഈ രാഷ്ട്രീയ പരിവർത്തനം സാധ്യമായത്. ജോൺ പോൾ 2-ാമൻ മാർപാപ്പാ തുടർന്നു പറയുന്നു: "ആഭ്യന്തരതർക്കങ്ങളിൽ വർഗ്ഗ സമരവും അന്തരാഷ്ട്രതർക്കങ്ങളിൽ യുദ്ധവും ഉപേക്ഷിച്ചുകൊണ്ട് നീതിക്കുവേണ്ടി അക്രമം കൂടാതെ യുദ്ധം ചെയ്യാൻ ജനങ്ങൾ പഠിക്കട്ടെ."[11]

പല രാജ്യങ്ങളിലും അക്രമരഹിതമായ സമാധാനസ്ഥാപന സമരതന്ത്രങ്ങളിൽ സഭ ഏർപ്പെട്ടിട്ടുണ്ട്. നീതിപൂർവ്വകവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളിൽ ഏറ്റവും അക്രമപരമായ പാർട്ടികളിൽ പോലും പ്രവർത്തിച്ചിട്ടുണ്ട്.

അനീതിയുടെയും അക്രമത്തിന്റെയും ഇരകൾക്കുവേണ്ടിയുള്ള അത്തരം പരിശ്രമങ്ങൾ കത്തോലിക്കാ സഭയുടെ മാത്രം ഇഷ്ട



ദാനമല്ല. പിന്നെയോ പല മതപാരമ്പര്യങ്ങൾക്കും സവിശേഷമായിട്ടുള്ളതാണ്. അവയിൽ "സഹതാപവും അക്രമരഹിത്യവും ജീവന്റെ വഴിചൂണ്ടിക്കാണിക്കുന്ന സാരാംശപരമായ ഘടകങ്ങളാണ്."[12] ഞാൻ വീണ്ടും ശക്തിയുക്തം ഉറപ്പിച്ചു പറയുന്നു: "ഒരു മതവും ഭീകരവാദപരമല്ല."[13] അക്രമം ദൈവനാമത്തെ ദുഷിപ്പിക്കുന്നു.[14] "ദൈവത്തിന്റെ നാമം അക്രമത്തെ നീതീകരിക്കുന്നതിന് ഉപയോഗിക്കാൻ പാടില്ല. സമാധാനം മാത്രമാണ് വിശുദ്ധം; സമാധാനം മാത്രമാണ്, യുദ്ധമല്ല വിശുദ്ധം"[15] എന്നിങ്ങനെ ആവർത്തിച്ചു പറയുന്നതിൽ നാം ഒരിക്കലും തളരരുത്.

**അക്രമരഹിത രാഷ്ട്രീയത്തിന്റെ കുടുംബപരമായ വേരുകൾ**

5. അക്രമത്തിന്റെ ഉറവിടം മനുഷ്യഹൃദയങ്ങളിലാണുള്ളതെങ്കിൽ കുടുംബങ്ങളിൽ അക്രമരാഹിത്യം അഭ്യസിക്കുകയെന്നത് മൗലികാ പ്രാധാന്യമുള്ള കാര്യമാണ്. സ്നേഹത്തിൽ നിന്നുള്ള സന്തോഷത്തിന്റെ ഭാഗമാണത്. അതിനെ സംബന്ധിച്ച് കഴിഞ്ഞ മാർച്ചു മാസത്തിൽ ഞാൻ പുറപ്പെടുവിച്ച "അമോരിസ് ലെത്തീസ്യ" (സ്നേഹത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച് രണ്ടു വർഷം സഭ വിചിന്തനം ചെയ്തതിന്റെ പിന്നാലെയാണ് ആ ആഹ്വാനം പുറപ്പെടുവിച്ചത്. ദമ്പതികൾ, മാതാപിതാക്കൾ, കുട്ടികൾ, സഹോദരീസഹോദരന്മാർ എന്നിവരെല്ലാം ആശയവിനിമയം നടത്താനും പരസ്പരം ഉദാരതാപൂർണ്ണമായ താത്പര്യം കാണിക്കാനും പഠിക്കുന്ന അനുപേക്ഷണീയമായ മൂശയാണ് കുടുംബം: അവിടെ സംഘർഷങ്ങൾ, സംഘട്ടനങ്ങൾ പോലും പരിഹരിക്കപ്പെടണം. ബലപ്രയോഗം കൊണ്ടല്ല, പിന്നെയോ സ്നേഹസംവാദം, ബഹുമാനം, അപരന്റെ നന്മയോടുള്ള താത്പര്യം, കാരുണ്യം, മാപ്പുകൊടുക്കൽ എന്നിവകൊണ്ടാണ് പരിഹരിക്കപ്പെടേണ്ടത്.[16] കുടുംബങ്ങളിൽ നിന്ന് സ്നേഹത്തിന്റെ സന്തോഷം ലോകത്തിലേക്ക് പ്രവഹിക്കുകയും മുഴുവൻ സമൂഹത്തിലേക്കും പ്രകാശം പ്രസരിപ്പിക്കുകയും ചെയ്യുന്നു.[17] വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള സാഹോദര്യത്തിന്റെയും സമാധാനപൂർവ്വകമായ സഹാസ്തിത്വത്തിന്റെയും പെരുമാറ്റ ശാസ്ത്രം അടിയുറപ്പിക്കേണ്ടത് ഭയത്തിന്റെയും

അക്രമത്തിന്റെയും മനസ്സ് അടച്ചു പൂട്ടലിന്റെയും യുക്തിയിലല്ല. പിന്നെയോ ഉത്തരവാദിത്വത്തിന്റെയും ബഹുമാനത്തിന്റെയും ആത്മാർത്ഥമായ സംവാദത്തിന്റെയും യുക്തിയിലാണ്. അതുകൊണ്ട്, നിരായുധീകരണം, ന്യൂക്ലിയർ ആയുധങ്ങളുടെ നിരോധനം, അവയുടെ നീക്കിക്കളയൽ എന്നിവ നടപ്പാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ന്യൂക്ലിയർ ആയുധങ്ങൾകൊണ്ട് ഭയപ്പെടുത്തി ഓടിക്കൽ, തീർച്ചപ്പെടുത്തിയ പരസ്പര നശീകരണം എന്നിവ അത്തരം ഒരു പെരുമാറ്റ ശാസ്ത്രത്തിൽ അടിയുറപ്പിക്കപ്പെടാനാവുകയില്ല.[18] കുടുംബപരമായ ക്രമങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും ദുരുപയോഗവും അവസാനിപ്പിക്കണമെന്ന് തുല്യമായ അടിയന്തിരാവശ്യത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

നവംബർ മാസത്തിൽ അവസാനിച്ച കരുണയുടെ ജൂബിലി നമ്മുടെ ഉള്ളിലേക്കു തിരിഞ്ഞു നോക്കാനും അവിടേയ്ക്ക് ദൈവത്തിന്റെ കാരുണ്യത്തെ പ്രവേശിപ്പിക്കാനും നമ്മെ ഓരോരുത്തരെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എത്രമാത്രം വ്യക്തികളും സാമൂഹികഗ്രൂപ്പുകളുമാണ് നിസ്സംഗതയോടെ പെരുമാറപ്പെടുന്നതും അനീതിക്കും അക്രമത്തിനും ഇരകളാക്കപ്പെടുന്നതും എന്ന് മനസ്സിലാക്കാൻ ജൂബിലി നമ്മെ പഠിപ്പിച്ചു. അത്തരം ആളുകളും നമ്മുടെ "കുടുംബ"ത്തിന്റെ ഭാഗമാണ്. അവരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. അക്രമരാഹിത്യത്തിന്റെ രാഷ്ട്രീയം കുടുംബങ്ങളിൽ തുടങ്ങണം. എന്നിട്ട് അത് മുഴുവൻ മനുഷ്യകുടുംബത്തിലേക്കും വ്യാപിക്കണം. സ്നേഹത്തിന്റെ ചെറിയ വഴികൾ അഭ്യസിക്കാൻ ലിസ്യൂവിലെ കൊച്ചുത്രേസ്യ നമ്മെ ക്ഷണിക്കുന്നു. സമാധാനവും സൗഹൃദബന്ധവും വിതയ്ക്കുന്ന ദയാപൂർണ്ണമായ ഒരു വാക്കോ ഒരു പുഞ്ചിരിയോ, ഒരു ചെറിയ ആംഗ്യമോ നഷ്ടപ്പെടുത്തരുതെന്ന് ആ വിശുദ്ധ നമ്മോട് പറയുന്നു. അക്രമത്തിന്റെ യുക്തി, ചൂഷണം, സ്വാർത്ഥത എന്നിവയെ തകർക്കുന്ന ലളിതമായ അനുദിനപ്രവൃത്തികൾകൊണ്ട് സമഗ്രമായ പരിസ്ഥിതിയും സൃഷ്ടിക്കാൻ കഴിയും.[19]

**എന്റെ ക്ഷണം**

പ്രവർത്തനക്ഷമമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കുകയെന്നത് സഭയുടെ നിരന്തര പരിശ്രമങ്ങൾക്കു ലഭി



ക്കുന്ന സ്വാഭാവികവും അവശ്യാവശ്യകവുമായ പ്രശംസയാണ്. ധാർമ്മികനിയമങ്ങൾ പ്രയോഗിച്ച് ബലപ്രയോഗത്തിന്റെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്നുണ്ട്. അവൾ അപ്രകാരം ചെയ്യുന്നത് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന ജോലികളിലൂടെയും എല്ലാ തലങ്ങളിലും നിയമനിർമാണം നടത്തുന്നതിന് അനേകം ക്രൈസ്തവർ നല്കുന്ന വൈദഗ്ധ്യമുള്ള സംഭാവനകളിലൂടെയുമാണ്. യേശുക്രിസ്തു തന്നെ മലയിലെ പ്രഭാഷണത്തിൽ സമാധാന സൃഷ്ടിക്കുള്ള ഉപായത്തിനു വേണ്ട "കൈപ്പുസ്തകം" നല്കുന്നുണ്ട്. ഭാഗ്യവാനും നല്ലവനും ആത്മാർത്ഥതയുള്ളവനെന്നു നമുക്കു വിവരിക്കാനാവുന്ന ഒരു വ്യക്തിയുടെ ചിത്രം അഷ്ടസൗഭാഗ്യങ്ങളിൽ നല്കുന്നുണ്ട് (cf. മത്താ. 5:3-10). സൗമ്യശീലരും, കരുണാപൂർണരും, സമാധാനസ്ഥാപകരും, ഹൃദയശുദ്ധിയുള്ളവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും ഭാഗ്യവാന്മാരാണെന്ന് യേശു നമ്മോടു പറയുന്നു.

രാഷ്ട്രീയ നേതാക്കൾക്കും മതനേതാക്കൾക്കും അന്താരാഷ്ടസ്ഥാപനങ്ങളുടെ തലവന്മാർക്കും ബിസിനസ്സിലും മീഡിയയിലും കാര്യ നിർവാഹകരായിക്കഴിയുന്നവർക്കും കൂടി ഇത് ഒരു കർമ്മപദ്ധതിയും വെല്ലുവിളിയുമാണ്. അവരുടെ ഉത്തരവാദിത്വങ്ങളുടെ നിർവഹിക്കലിൽ അഷ്ടസൗഭാഗ്യം പ്രയോഗിക്കുക. സമാധാനസ്ഥാപകരായി പ്രവർത്തിച്ചുകൊണ്ട് സമൂഹം, സമുദായങ്ങൾ, ബിസിനസ്സ് എന്നിവ പടുത്തുയർത്താനുള്ള വെല്ലുവിളിയാണതിത്. ആളുകളെ അവഗണിക്കാതെയും പരിസ്ഥിതിയെ ദ്രോഹിക്കാതെയും എന്തു വില കൊടുത്തും ജയിക്കാൻ പരിശ്രമിക്കാതെയും കാരുണ്യം കാണിക്കുകയെന്നതാണത്. അങ്ങനെ ചെയ്യുന്നതിന് "ഒത്തൊരുമിച്ച് സംഘട്ടനങ്ങളെ നേരിടാനും അതു പരിഹരിക്കാനും പുതിയ ഒരു പ്രക്രിയയ്ക്ക് അതിനെ ഒരു ചങ്ങലക്കണ്ണിയാക്കാനുമുള്ള മനസ്സുണ്ടായിരിക്കണം."[20] ചരിത്രം സൃഷ്ടിക്കാനും സമൂഹത്തിൽ സൗഹൃദബന്ധം സ്ഥാപിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ ഐക്യദാർഢ്യത്തെ തിരഞ്ഞെടുക്കുകയെന്നതാണ് ഈ വിധത്തിൽ പ്രവർത്തിക്കുകയെന്നതിന്റെ അർത്ഥം. ഐക്യം യഥാർത്ഥത്തിൽ സംഘട്ടനത്തേക്കാൾ കൂടുതൽ ശക്തവും കൂടുതൽ ഫലദായകവുമാണെന്ന് കാണിക്കാ

നുള്ള ഒരു മാർഗ്ഗമാണ് പ്രവർത്തനക്ഷമമായ അക്രമരാഹിത്യം. ലോകത്തിലുള്ളതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്.[21] തീർച്ചയായും. വ്യത്യാസങ്ങൾ സംഘർഷങ്ങൾക്ക് കാരണമാകും. എന്നാൽ അവയെ നിർമ്മാണാത്മകമായും അക്രമരഹിതമായും നേരിടാം. അങ്ങനെ, "സംഘങ്ങൾക്കും എതിർപ്പുകൾക്കും വിവിധരീതികളിലുള്ളതും ജീവദായകവുമായ ഐക്യം നേടാനാവും. രണ്ടു കക്ഷികൾക്കും സാധുവായിട്ടുള്ളതും ഉപകാരപ്രദമായിട്ടുള്ളതും സംരക്ഷിച്ചുകൊണ്ട് അതു നേടാനാവും.[22]

സജീവവും സർഗാത്മകവുമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കാനുള്ള എല്ലാ പരിശ്രമങ്ങളിലും സഭയുടെ സഹായമുണ്ടാകുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. സമഗ്ര മാനുഷിക വികസനത്തെ വളർത്തുന്നതിനുള്ള പുതിയ വകുപ്പ് 2017 ജനുവരി 1-ന് പ്രവർത്തിച്ചു തുടങ്ങും. പൂർവ്വാധികം കാര്യക്ഷമമായ വിധത്തിൽ "നീതി സമാധാനം സൃഷ്ടി സംരക്ഷണം" എന്നീ അമൂല്യനന്മകളെ പോഷിപ്പിക്കാൻ സഭ നടത്തുന്ന പ്രവർത്തനങ്ങളെ അതു സഹായിക്കും. കുടിയേറ്റക്കാർ, ആവശ്യത്തിൽപെട്ടവർ, രോഗികൾ, സമുദായത്തിൽനിന്നും പുറം തള്ളപ്പെട്ടവർ, പാർശ്വവത്കരിക്കപ്പെട്ടവർ, ബന്ധനസ്ഥർ, തൊഴിൽരഹിതർ എന്നിവരെയും അതുപോലെ സായുദ്ധ യുദ്ധത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും അടിമത്തത്തിന്റെയും പീഡനത്തിന്റെയും എല്ലാ രൂപങ്ങളിലും പെട്ടവരോടുള്ള"[23] സഭയുടെ താത്പര്യം വളർത്താൻ അതു സഹായിക്കും. അത്തരത്തിലുള്ള ഓരോ പ്രത്യുത്തരവും - അത് എത്ര മിതമാണെങ്കിലും - അക്രമ വിമുക്തമായ ഒരു ലോകം പടുത്തുയർത്താൻ സഹായിക്കും. അത് നീതിയിലേക്കും സമാധാനത്തിലേക്കുമുള്ള ആദ്യത്തെ ചുവടുവയ്പായിരിക്കും.

7. പാരമ്പര്യമനുസരിച്ച് ഇന്ന് ഡിസംബർ 8-ാംതീയതി, കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ ദിവസം, ഈ സന്ദേശത്തിൽ ഞാൻ ഒപ്പു വയ്ക്കുന്നു. മറിയം സമാധാനരാജ്ഞിയാണ്. അവളുടെ പുത്രൻ ജനിച്ചപ്പോൾ മാലാഖമാർ ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുകയും ഭൂമിയിൽ സന്മനസ്സുള്ള സകല സ്ത്രീ പുരുഷന്മാർക്കും സമാധാനം ആശംസിക്കുകയും ചെയ്തു (cf. ലൂക്കാ 2:14). അവളുടെ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.



"നമ്മൾ എല്ലാവരും സമാധാനം ആവശ്യപ്പെടുന്നു. അനേകം പേർ അനുദിനം ചെറിയ ആംഗ്യങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സമാധാനം സ്ഥാപിക്കുന്നുണ്ട്. അവരിൽ പലരും പീഡ സഹിക്കുന്നവരാണ്, എന്നാലും സമാധാനസ്ഥാപകരാകാനുള്ള പരിശ്രമങ്ങളിൽ അവർ ക്ഷമാപൂർവ്വം നിലനില്ക്കുന്നു."[24]

നമ്മുടെ ഹൃദയങ്ങളിൽനിന്നും വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും അക്രമം ഒഴിവാക്കാനും അക്രമാസക്തിയില്ലാത്തവരാകാനും നമ്മുടെ പൊതു ഭവനത്തെ സംരക്ഷിക്കുന്ന അക്രമരഹിത സമൂഹങ്ങളെ പടുത്തുയർത്താനും 2017-ാം വർഷത്തിൽ നമുക്ക് പ്രാർത്ഥനയോടെ സജീവമായി സ്വയം സമർപ്പിക്കാം. "പ്രാർത്ഥനയിൽ ദൈവത്തിലേക്കു തിരിഞ്ഞാൽ ഒന്നും അസാധ്യമാകുകയില്ല. എല്ലാ വ്യക്തിക്കും സമാധാനസ്ഥാപകനാകാൻ സാധിക്കും."[25]

**ഫ്രാൻസീസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന്
8 ഡിസംബർ 2016

## Footnote

[1] Apostolic Exhortation Evangelii Gaudium, 228.
[2] PAUL VI, Message for the First World Day of Peace, 1 January 1968.
[3] "The Legend of the Three Companions", Fonti Francescane, No. 1469.
[4] BENEDICT XVI, Angelus, 18 February 2007.
[5] Ibid.
[6] Ibid.
[7] MOTHER TERESA, Nobel Lecture, 11 December 1979.
[8] Meditation, "The Road of Peace", Chapel of the Domus Sanctae Marthae, 19 November 2015.
[9] Homily for the Canonization of Mother Teresa of Calcutta, 4 September 2016.

[10] No. 23.
[11] Ibid.
[12] Address to Representatives of Different Religions, 3 November 2016.
[13] Address to the Third World Meeting of Popular Movements, 5 November 2016.
[14] Cf. Address at the Interreligious Meeting with the Sheikh of the Muslims of the Caucasus and Representatives of Different Religious Communities, Baku, 2 October 2016.
[15] Address in Assisi, 20 October 2016.
[16] Cf. Post-Synodal Apostolic Exhortation Amoris Laetitia, 90-130.
[17] Cf. ibid., 133, 194, 234.
[18] Cf. Message for the Conference on the Humanitarian Impact of Nuclear Weapons, 7 December 2014.
[19] Encyclical Laudato Si', 230.
[20] Apostolic Exhortation Evangelii Gaudium, 227.
[21] Cf. Encyclical Laudato Si', 16, 117, 138.
[22] Apostolic Exhortation Evangelii Gaudium, 228.
[23] Apostolic Letter issued Motu Proprio instituting the Dicastery for Promoting Integra Human Development, 17 August 2016.
[24] Regina Coeli, Bethlehem, 25 May 2014.
[25] Appeal, Assisi, 20 September 2016.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





C. 2. **സർക്കുലർ**

# മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ

**2016 ആഗസ്റ്റ് 22 മുതൽ സെപ്റ്റമ്പർ 02 വരെ മൗണ്ട് സെന്റ് തോമസ് സഭാ കേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ് ജോർജ്ജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരി സഹോദരൻമാരേ,

ആഗോള സഭയ്ക്ക് പ്രത്യേകിച്ചും ഭാരതസഭയ്ക്ക് അഭിമാനകരമായ നിമിഷങ്ങൾ പ്രദാനം ചെയ്ത മദർ തെരേസയുടെ വിശുദ്ധപദ പ്രഖ്യാപനചടങ്ങുകളുടെ പശ്ചാത്തലത്തിലാണ് സീറോ-മലബാർ സിനഡ് ഈ കഴിഞ്ഞ ഓഗസ്റ്റ് മാസം 17 മുതൽ സെപ്റ്റംമ്പർ 02 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയത്. സീറോ-മലബാർ സഭയുടെ 24-ാം സിനഡിന്റെ 2-ാം സമ്മേളനത്തിന് ശേഷം ഞാനും നമ്മുടെ സഭയിലെ പല പിതാക്കന്മാരും റോമിൽ വച്ച് നടന്ന നാമകരണപരിപാടികളിൽ സംബന്ധിക്കുകയുണ്ടായി. ആദ്യമേ തന്നെ മദർ തെരേസയുടെ മാദ്ധ്യസ്ഥ്യം വഴി ഭാരതസഭയ്ക്കും, സീറോ-മലബാർ സഭയ്ക്കും ധാരാളമായി അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യെമനിൽ നിന്ന് കാണാതായ ടോം ഉഴുന്നാലിൽ അച്ചന്റെ തിരോധാനത്തിൽ സിനഡ് ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ തീവ്രവാദികളാൽ കൊലചെയ്യപ്പെട്ട ഫ്രാൻസിലെ ഫാ. ജാക്ക്സ് ഹമേലിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. കഴിഞ്ഞ കുറച്ച് നാളുകളായി വിദേശത്തും സ്വദേശത്തുമായി വിശ്വാസം കാത്തുസൂക്ഷിച്ച് രക്തസാക്ഷികളായ എല്ലാ വിശ്വാസികളെയും അനുസ്മരിച്ച് പ്രാർത്ഥിക്കുകയുണ്ടായി.

ആകെ 49 മെത്രാന്മാർ സംബന്ധിച്ച ഈ സിനഡിൽ ചർച്ച ചെയ്ത പ്രസക്തമായ വിഷയങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കാൻ ആഗ്രഹിക്കുകയാണ്. മുൻ സമ്മേളനത്തിന്റെ (ജനുവരി 2016) ചില സുപ്രധാന തീരുമാനങ്ങൾ വിശകലനം ചെയ്യുകയും അതിനുശേഷം സഭാതലത്തിൽ ഉണ്ടായ പൊതു സ്വഭാവമുള്ള ചില കാര്യങ്ങൾ അനുസ്മരിക്കുകയും ചെയ്തു. അന്തരിച്ച മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് ആദരാഞ്ജലികളും പ്രാർത്ഥനയും അർപ്പിക്കുകയും അദ്ദേഹം മെത്രാനായിരുന്ന ഇരിങ്ങാലക്കുട രൂപതയ്ക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

**കുടുംബ ജീവിത നവീകരണം**

റോമിൽ നടന്ന സാർവ്വത്രിക മെത്രാൻ സിനഡിന്റെ "amoris laetitia" (സ്നേഹത്തിന്റെ ആനന്ദം) എന്ന പ്രബോധനരേഖയുടെ അടിസ്ഥാനത്തിൽ കുടുംബ ജീവിതം നവീകരിക്കുന്നതിനാവശ്യമായ നടപടികൾ രൂപതാതലത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ക്രൈസ്തവമൂല്യങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന് amoris laetitia ഉദ്ബോധിപ്പിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലുമുള്ള കുടുംബപ്രശ്നങ്ങളിൽ ജീവിക്കുന്നവരുടെ എണ്ണം ഇന്നത്തെ സമൂഹത്തിൽ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിസ്സാരമായ കാര്യങ്ങളുടെ പേരിൽ പോലും വിവാഹ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ വിവാഹമോചനത്തിന്റെ വക്കിലേക്ക് നീങ്ങുന്ന പ്രവണത ആശങ്കാജനകമാണ്. വിവാഹത്തിന് മുൻപ് കൂടിതാമസിക്കുന്നതും വിവാഹത്തിനുമുൻമ്പുള്ള ലൈംഗിക ബന്ധങ്ങളും ക്രിസ്തീയ പഠനങ്ങൾക്ക് വിരുദ്ധമായ ദാമ്പത്യ സങ്കല്പ്പങ്ങളും ചിലയിടങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ ഉത്കണ്ഠാകുലമാണ് ഭ്രൂണഹത്യ, പെൺകുഞ്ഞുങ്ങളെ നശിപ്പിക്കൽ, തുടങ്ങിയവ. അന്യമതത്തിൽ നിന്ന് വിവാഹം കഴിക്കുന്നവരുടെയും, മറ്റു ക്രൈസ്തവവിഭാഗത്തിൽ നിന്ന് വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം വളരെ ഗൗരവത്തോടെയാണ് കാണേണ്ടത്.



ദൈവവിളി പരിശീലനകളരിയാണ് കുടുംബം. ദൈവവിളി പ്രോത്സാഹനം ഏറ്റവും ആദ്യമായി നടക്കേണ്ടത് കുടുംബങ്ങളിലാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വവും (responsible Parenthood), ധാർമ്മികമായ ദൗത്യവും സാക്ഷ്യപ്പെടുത്തി മക്കൾക്ക് മാതൃകയാകുവാൻ ഏവരും ശ്രദ്ധിക്കണം. കുടുംബപ്രശ്നങ്ങൾക്ക് അജപാലനപരമായ പരിഹാരം കാണുവാനുള്ള വേദിയാണല്ലോ ഇടവക. വൈദികരും, സന്യസ്തരും കുടുംബസമാധാനത്തിനും സുസ്ഥിതിയ്ക്കും മുൻതൂക്കം കൊടുത്ത് കുടുംബപ്രേഷിതത്വ ശുശ്രൂഷ സജീവമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വൈദികരുടെ തുടർപരിശീലനപരിപാടിയിൽ (Ongoing formation) ഈ വിഷയം ഉൾപ്പെടുത്തി ആനുകാലികമായ പരിഹാരങ്ങൾ തേടുന്നത് നന്നായിരിക്കും. ഭവനസന്ദർശനം, ഹോം മിഷൻ, കുടുംബയൂണിറ്റുകളുടെ യോഗങ്ങൾ, എന്നിവ ഇടവകയിലെ കുടുംബജീവിത നവീകരണത്തിനും, സുസ്ഥിതിക്കും വേണ്ടി പ്രവർത്തിക്കേണ്ടതാണ്. ഫാമിലി കൗൺസിലിങ്ങ് പരിപാടികൾ ഇടവകതലത്തിലും ഫൊറോന തലത്തിലും സംഘടിപ്പിക്കുന്നത് കുടുംബ ജീവിത പ്രതിസന്ധികളിൽ കഴിയുന്നവരെ സഹായിക്കുവാൻ വഴിയൊരുക്കും. "amoris laetitia" എന്ന പ്രബോധന രേഖ കുടുംബയൂണിറ്റുകൾ വഴിയും കുടുംബ പ്രേഷിത വിഭാഗം വഴിയും യുവജനപ്രസ്ഥാനങ്ങൾ വഴിയും പ്രചരിപ്പിക്കേണ്ടതാണ്. കുടുംബ പ്രാർത്ഥന വിശ്വാസകൈമാറ്റത്തിനുള്ള ഉത്തമ വേദിയാണ്. മതബോധനക്ലാസുകളിൽ കുടുംബജീവിത മൂല്യങ്ങൾക്ക് പ്രധാന്യം കൊടുക്കേണ്ടതാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതാണെന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. കുടുംബ ശിഥിലീകരണം കൂടുതൽ സംഭവിക്കുന്നത് അണുകുടുംബങ്ങളിൽ ആണെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവാഹകോടതിയുടെ പ്രവർത്തനങ്ങൾ ലളിതവത്കരിച്ചിട്ടുണ്ടെങ്കിലും വിവാഹബന്ധത്തിന്റെ കൗദാശികസ്വഭാവവും ഈ കൂദാശയുടെ ഐക്യവും, അവിഭാജ്യതയും തകിടം മറിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമല്ല പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ വിഭാവനം ചെയ്യുന്നത് എന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ.

## മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

മാർത്തോമാക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലിരുന്ന ''യോഗം'' എന്ന് വിളിക്കപ്പെടുന്ന പുരാതന സഭാസംവിധാനത്തിന്റെ പുനരുദ്ധരിച്ചതും നവീകൃതവുമായ രൂപമാണ് സീറോ-മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി. സാധാരണയായി മേജർ ആർച്ച്ബിഷപ്പ് അഞ്ചു വർഷത്തിലൊരിക്കൽ വിളിച്ചുകൂട്ടുകയും സഭാശുശ്രൂഷകളുടെയും സേവനങ്ങളുടെയും വിവിധ മേഖലകൾ പുനരവലോകനം ചെയ്ത് കൂടുതൽ ഫലപ്രദമായ മാർഗങ്ങൾ ആരായുകയും ചെയ്യുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ആനുകാലിക ലോകത്തിൽ കൂടുതൽ ക്രിയാത്മകമായി വർത്തിക്കുന്നതിന് ഉപകരിക്കുന്ന കാര്യങ്ങൾ 2016 ഓഗസ്റ്റ് 25 മുതൽ 28 വരെ ഇരിങ്ങാലക്കുട രൂപതയുടെ കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽവച്ച് നടന്ന അസംബ്ലിയിൽ ചർച്ച ചെയ്യുകയുണ്ടായി. അതിലേക്കായി സഭാ വിശ്വാസികളിൽ നിന്ന് വിഷയങ്ങൾ ക്ഷണിക്കുകയും, രൂപതകൾ, സന്യാസസ്ഥാപനങ്ങൾ, പ്രവാസിസമൂഹങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ വിഷയങ്ങൾ സമാഹരിക്കുകയും ചെയ്തു. അവയിൽ ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടവയായ ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം, എന്നീ മൂന്ന് ആനുകാലിക പ്രസക്തമായ വിഷയങ്ങളെ കുറിച്ച് ചർച്ചയും നടത്തി. ഈ അസംബ്ലിയിൽ നടന്ന ചർച്ചകളെക്കുറിച്ചും, തീരുമാനങ്ങളെക്കുറിച്ചും വിശദമായി മറ്റൊരു രേഖയിലൂടെ നിങ്ങളെ ഞാൻ അറിയിക്കുന്നതായിരിക്കും.

## പ്രകൃതിസംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിൽ സഭയുടെ സജീവ പങ്കാളിത്തവും ക്രിയാത്മകമായ ഇടപെടലുകളും ആണ് സിനഡ് ചർച്ച ചെയ്ത മറ്റൊരു വിഷയം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ഇടവക പള്ളിയും ചുറ്റുപാടുകളും പ്രകൃതി സംരക്ഷണാത്മകമായി ക്രമീകരിക്കുക, സ്കൂളുകളും, സ്ഥാപനങ്ങളും ശുചിയായി പരിപാലിക്കുക എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തും,



മറ്റു പ്രാദേശിക ഭരണസംവിധാനങ്ങളും, ഗവൺമെന്റുമായി സഹകരിച്ച് പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള പദ്ധതികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. മാലിന്യസംസ്കരണം ശാസ്ത്രീയമായും ലളിതമായും നടത്തുവാനുള്ള അവബോധം എല്ലാവർക്കും നൽകേണ്ടതാണ്. ഭക്ഷണമാലിന്യങ്ങൾ വീടിന്റെ പരിസരത്തും വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വലിച്ചെറിയാതിരിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള മറ്റു പദാർഥങ്ങളുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്. ഈ അവബോധം രൂപീകരിക്കുവാൻ ഒരു കൈപ്പുസ്തകം (Handbook on Environmental Protection and Civic Sense) തയ്യാറാക്കുവാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പൂർവ്വികർ ഉപയോഗിച്ച് തലമുറകളായി നമുക്ക് കൈമാറിയ നല്ല പ്രകൃതിയെയും ശുദ്ധവായുവിനെയും കുടിവെള്ളത്തെയും ഈ തലമുറയ്ക്കും വരും തലമുറയ്ക്കും അങ്ങനെ തന്നെ കൈമാറേണ്ടതു സാമൂഹ്യനീതിയുടെ ഒരു വശമാണ് എന്നാണ് സഭ പഠിപ്പിക്കുന്നത്.

## പാലിയേറ്റിവ് കെയർ

സഭയുടെ ശ്രദ്ധ പതിയ്ക്കേണ്ട മറ്റൊരു പ്രധാന രംഗമാണ് പാലിയേറ്റിവ് കെയർ. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന കിടപ്പുരോഗികളോടും മരണാസന്നരോടും സ്നേഹത്തോടും സഹാനുഭൂതിയോടും കൂടെ പെറുമാറേണ്ടതുണ്ട്. അവരെ നല്ല മരണത്തിന് ഒരുക്കേണ്ടത് സഭയുടെ ചുമതലയാണ്. ചിലയിടത്തെല്ലാം പാലിയേറ്റിവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത് സന്തോഷകരമായ കാര്യമാണ്. ആവശ്യമായ ഇടങ്ങളിലെല്ലാം ഇത്തരം സംരംഭങ്ങൾ രൂപതാതലത്തിൽ തുടങ്ങുന്നത് നന്നായിരിക്കും. സന്യാസസമൂഹങ്ങളുടെ സഹകരണം ഊ കാര്യത്തിൽ തേടാവുന്നതാണ്.

## വിവിധ കമ്മീഷനുകൾ

നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനും അതിനു നേതൃത്വം നൽകുന്നതിനും രൂപീകരിച്ചിട്ടുള്ള കമ്മീഷനുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഓഫീസുകളുടെയും പ്രവർത്തനങ്ങൾ സിനഡിൽ വിലയിരുത്തുകയുണ്ടായി. സിന

ഡൽ സെമിനാരികളായ ആലുവ, കോട്ടയം, കുന്നോത്ത്, സത്നാ സെമിനാരികളിൽ അനേകം വൈദികാർത്ഥികൾ നമ്മുടെ സഭയ്ക്കു വേണ്ടി പൗരോഹിത്യ പരിശീലനം നടത്തുന്നു എന്നത് അഭിമാനകരമാണ്. ഇതിനു പുറമെ സന്യാസസഭകളുടെ സെമിനാരികളും, മൈനർ സെമിനാരികളും ഉണ്ട്. വൈദികപരിശീലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സഭയുടെ എല്ലാ തലങ്ങളിലും ദൈവവിളി പ്രോത്സാഹനത്തിന് പ്രത്യേകം താല്പര്യം കാണിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും മിഷൻ രൂപതകളിലേയ്ക്കും, മിഷനിൽ പ്രവർത്തിക്കുന്ന സന്യാസസമൂഹങ്ങളുടെ പ്രോവിൻസുകളിലേയ്ക്കും, ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ ഇടവക വികാരിമാർ അവസരമൊരുക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി സിനഡ് തലത്തിൽ ഒരു കമ്മീഷൻ പ്രവർത്തിക്കുന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ സ്ത്രീകൾക്കായുള്ള സന്യാസസമൂഹങ്ങളിലേക്കും സഹോദരർക്കായുള്ള സമർപ്പിത സമൂഹങ്ങളിലേയ്ക്കും (Brotherhood) ദൈവവിളി കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. വൈദികാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവില്ലെന്നത് ആശാവഹമാണ്. പൗരോഹിത്യജീവിതത്തിലെ സമർപ്പിത ശുശ്രൂഷയ്ക്കായി മുന്നോട്ടുവരുന്ന സെമിനാരിക്കാരെയും, അർത്ഥികളെയും, അഭിനന്ദിക്കുന്നതോടൊപ്പം അവരെ സഭാസേവനത്തിനയച്ച മാതാപിതാക്കളോട് സഭയ്ക്കുള്ള നന്ദിയും ഞാൻ അറിയിക്കട്ടെ. ദൈവവിളി പ്രോത്സാഹനത്തിന് ബഹു. വികാരിയച്ചന്മാരുടെയും ഇടവകയിൽ പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെയും പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ ഉദ്ബോധിപ്പിക്കുന്നു. വൈദികപരിശീലനത്തിന് സാമ്പത്തികമായി സഹായമെത്തിക്കുവാൻ അല്മായ സഹോദരങ്ങളും മുന്നോട്ട് വരേണ്ടതാണ്. അങ്ങനെ വൈദികർ, സന്യസ്തർ, കുടുംബാംഗങ്ങൾ, മതാദ്ധ്യാപകർ എല്ലാവരും ഒത്തൊരുമിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സ്വന്തം രൂപതയിലും സ്വന്തം രൂപതയിലെ സന്യാസസമൂഹങ്ങളിലും എന്നതുപോലെ തന്നെ മിഷനിൽ പ്രവർത്തിക്കുന്ന രൂപത



കളിലേയ്ക്കും, സന്യാസസമൂഹങ്ങളിലേയ്ക്കും ദൈവവിളി പ്രോത്സാഹിപ്പിക്കണം.

''കുടുംബത്തിനും അല്മായർക്കും വേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കമ്മീഷൻ'', ''കുടുംബത്തിനും, അല്മായർക്കും, ജീവനും വേണ്ടിയുള്ള മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കമ്മീഷൻ'' എന്നാക്കി പുനർനാമകരണം ചെയ്തിട്ടുണ്ട്. കുടുംബജീവിതത്തിന്റെ പ്രാധാന്യവും, ജീവിതസാക്ഷ്യവുംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ജീവന്റെ മൂല്യം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം. കുടുംബജീവിത നവീകരണത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. മതബോധനകമ്മീഷന്റെ പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിലും, കേരളത്തിനു പുറത്തും, ആഗോളതലത്തിലും സീറോ-മലബാർ സഭയുടെ മതബോധന പാഠ്യപദ്ധതി നടപ്പിലാക്കാൻ ഈ കമ്മീഷന്റെ നേതൃത്വത്തിലുള്ള പരിശ്രമങ്ങളുമായി എല്ലാവരും സഹകരിക്കുമല്ലോ. മതബോധന ക്ലാസ്സുകൾക്കൊപ്പം തന്നെ കുടുംബം, ഇടവക, ആരാധനക്രമം തുടങ്ങിയവയെല്ലാം വിശ്വാസപരിശീലനത്തിനുള്ള വേദികളാകണം. യുവജനങ്ങളുടെ സഭയിലെ പങ്കാളിത്തം എല്ലാ തലത്തിലും കൂടുതൽ സജീവമാക്കേണ്ടതുണ്ട്. അതിനായി യുവജനകമ്മീഷൻ തയ്യാറാക്കിയ സീറോ-മലബാർ യൂത്ത് മൂവ്മെന്റിന്റെ നിയമാവലി സിനഡിൽ അംഗീകരിച്ചു. ഈ അടുത്തകാലത്തു പോളണ്ടിൽ നടന്ന വേൾഡ് യൂത്ത് ഡേയിൽ നമ്മുടെ സഭയിൽ നിന്നുണ്ടായ യുവജനപ്രാതിനിധ്യം അഭിനന്ദനാർഹമാണ്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിന്റെ നിയമാവലിക്കു അംഗീകാരം നൽകുകയും ചെയ്തു. സഭയിൽ സന്യസ്തരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. രൂപതാതലത്തിലും, ഇടവകതലത്തിലും, സന്യസ്തരുമായി നല്ല ബന്ധം പുലർത്തുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമല്ലോ. വിദ്യാഭ്യാസ രംഗത്തും ആതുരസേവനരംഗത്തും സന്യാസസമൂഹങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തിനും സുവിശേഷവത്ക്കരണത്തിനുമുള്ള വേദികളായി മാറേണ്ടതാണ്. സമർപ്പിതർക്കായുള്ള കമ്മീഷനും, സീറോ-

മലബാർ കോൺഫറൻസ് ഫോർ റിലീജിയസും ഈ കാര്യത്തിൽ നടത്തുന്ന നേതൃത്വം ശ്ലാഘനീയമാണ്.

കേരളത്തിനു പുറത്തും ഇന്ത്യയിലുമുള്ള സീറോ-മലബാർ മക്കളുടെ അജപാലനകാര്യങ്ങൾക്കായി ഒരു (Apostolic Visitator) -നെ നിയമിച്ചിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. നാഗ്പൂർ കേന്ദ്രമാക്കി ഇതിനായി ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഈ വിസ്റ്റേറ്ററായ മാർ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന അസോസിയേഷൻ ഓഫ് സീറോ മലബാർ (ASSM) മിഷൻ സപ്പോർട്ടിന് നിർലോപമായ സഹായസഹകരണങ്ങൾ നൽകണമെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ പേര് സീറോ മലബാർ മിഷൻ എന്നാക്കി സിനഡ് പുനർനാമകരണം ചെയ്യുകയുണ്ടായി. പ്രേഷിത പ്രവർത്തനത്തിനും, പ്രവാസിഅജപാലന ശുശ്രൂഷയ്ക്കുമായി ഉള്ള കമ്മീഷന്റെ റിപ്പോർട്ട് സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയ്ക്ക് പുറത്ത് യൂറോപ്പിൽ - ഗ്രേറ്റ് ബ്രിട്ടനിലുള്ള വിശ്വാസികൾക്കുവേണ്ടി നമുക്ക് ഒരു രൂപത ലഭിച്ചതും, അതിന്റെ പ്രഥമ മെത്രാനായി മാർ ജോസഫ് സ്രാമ്പിക്കലിനെ നിയമിച്ചതും നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. യൂറോപ്പിലെ ഇതരരാജ്യങ്ങളിലെ അജപാലനശുശ്രൂഷകൾ ക്രോഡീകരിക്കുന്നതിന് Apostolic Visitator ആയി മാർ സ്റ്റീഫൻ ചിറപ്പണിനെയും ഈയിടെ പരി. പിതാവ് നിയമിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ഊർജിതമായ അജപാലന ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. ഗൾഫിലെ സഭാനേതൃത്വവുമായി ഈയിടെ സിനഡ് പിതാക്കന്മാർ നടത്തിയ ചർച്ചകളുടെ വിശദവിവരങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

ജോലി സംബന്ധിച്ചും പഠനത്തിനുമായി നാട്ടിൽ നിന്നും അന്യസ്ഥലങ്ങളിലേക്ക് പോകുന്നവർ സ്വന്തം ഇടവകയിൽ നിന്ന് വികാരിയച്ചന്റെ എഴുത്തു കൊണ്ടുപോകുന്നകാര്യം ഓർമ്മപ്പെടുത്തുന്നു. പുതിയ സ്ഥലത്തു ചെന്ന് അവിടുത്തെ ബന്ധപ്പെട്ട അച്ചന് ആ കത്ത് കാണിച്ച് രജിസ്റ്റർ ചെയ്യുകയും നമ്മുടെ സഭയുടെ ആത്മീയ കാര്യങ്ങൾക്കും, നമ്മുടെ സഭയുടെ അജപാലനശുശ്രൂഷയ്ക്കും ഉള്ള സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കു



ന്നു. ഇതിനായി ഒരു "migrants form" തയ്യാറാക്കിയിട്ടുള്ളത് ഉപയോഗിക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ നിന്നും വിവാഹത്തിനായി നാട്ടിലേയ്ക്ക് വരുമ്പോൾ അവിടെയുള്ള സീറോ-മലബാർ വൈദികനിൽ നിന്നുള്ള കത്ത് (കുറി) കൊണ്ടുവരേണ്ടതാണ്.

നമ്മുടെ നാട്ടിൽ മത വിദ്വേഷം, വർദ്ധിച്ചുവരുന്നതും തീവ്രവാദ സംഘടനകളിലേയ്ക്ക് നമ്മുടെ മക്കൾ വഴിതെറ്റിപ്പോകുന്നതും ആശങ്കാജനകമാണ്. ദേശീയതലത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ ബിൽ (national education bill) ന്യൂനപക്ഷങ്ങളെ ഹനിക്കുന്ന രീതിയിലേക്ക് പോകുന്നത് അപലപനീയമാണ്.

സീറോ-മലബാർ സഭയുടെ ഔദ്യോഗിക ആന്തം (Official anthem) അവസരോചിതമായി ഉപയേഗിക്കുവാൻവേണ്ടി സിനഡിന്റെ അവസരത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം സെപ്റ്റംബർ 2-ാം തീയതി ഉച്ചയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിനു നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
**സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് ഡിസംബർ 1-ാം തീയതി നൽകപ്പെട്ടത്.



C. 3. സർക്കുലർ

# 2017 ജനുവരി 15 കർഷകദിനം

## കെ.സി.ബി.സി. ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാ വർഷവും ജനുവരി 15 ന് കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിക്കുന്നുണ്ടെങ്കിലും വെറും ചടങ്ങുകൾക്കപ്പുറം കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കായി സർക്കാർവക കർഷ കദിനാഘോഷങ്ങൾ ഉപകരിക്കുന്നില്ലന്നുള്ള യാഥാർത്ഥ്യം തിരിച്ചറി ഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുവാൻ തീരുമാനിച്ചത്.

ഇൻഫാം ശബ്ദമില്ലാത്തവരുടെ ശബ്ദവും അസംഘടിത കർഷക സമൂഹത്തിന്റെ പ്രതീക്ഷയുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ നിരന്തരം ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും സമൂഹത്തിലെ അദ്ധ്വാനവർഗ്ഗത്തെ കൈപിടിച്ചു യർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർഷകപ്രസ്ഥാനമാണിത്.

കർഷകർ ഉല്പാദന പ്രക്രിയയിൽ മാത്രം ശ്രദ്ധിച്ചാൽ മതി യാകില്ലന്നു മനസിലാക്കി സംഭരണ സംസ്കരണ വിപണന സാധ്യ തകളും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കി കർഷകരുടെ നന്മ കൾ തിരിച്ചറിയാത്ത രാഷ്ട്രീയ ഭരണനേതൃത്വങ്ങളേയും അവരെ നിയന്ത്രിക്കുന്ന കർഷകവിരുദ്ധ ശക്തികളേയും സധൈര്യം നേരിട്ട് കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകളായി ഇൻഫാം പ്രവർത്തനനിരതമാണ്.

ആധുനിക ശാസ്ത്ര പുരോഗതിയുടെ കുത്തൊഴുക്കിൽ എല്ലാം കടപുഴകിക്കൊണ്ടുള്ള കാർഷികവളർച്ചയല്ല നാം ലക്ഷ്യമി ടുന്നത്. പഴമയിലെ എല്ലാ നന്മകളേയും സ്വീകരിച്ചുകൊണ്ട് ആധു നികതയുടെ സഹായത്തോടുകൂടിയ വികസനമാണ് നമ്മുടെ ലക്ഷ്യം. കാരണം പരമ്പരാഗത കൃഷിരീതികൾ നൂറ്റാണ്ടുകളുടെ അനുഭവ ത്തിൽകൂടി ഉരുത്തിരിഞ്ഞതും ഒത്തിരിയേറെ ഋഷിമാരുടേയും സിദ്ധ



ന്മാരുടേയും ശ്രുതിയിലും സ്മൃതിയിലും കൂടി രൂപപ്പെട്ടുവന്നിട്ടുള്ള തുമാണ്. അവയുടെ അന്തഃസത്ത മനസിലാക്കാതെ അവയെ വില യിരുത്തുവാനോ വിലമതിക്കുവാനോ സാധ്യമല്ല. അതുകൊണ്ട് ഏത് കാർഷിക വികസനചിന്തയും രൂപപ്പെടുത്തുമ്പോൾ പഴമയ്ക്ക് കൊടു ക്കേണ്ട സ്ഥാനം കൊടുത്തിരിക്കണമെന്നാണ് ഇൻഫാമിന്റെ അടി സ്ഥാന കാർഷിക വികസനകാഴ്ചപ്പാട്. വായുവും വെള്ളവും മാത്രമേ മനുഷ്യന് വിലകൊടുക്കാതെ കിട്ടുന്ന രണ്ടു പ്രകൃതി വിഭ വങ്ങളായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. വെള്ളവും വൻകിട കമ്പനിക്കാരന്റെ വ്യവസായ ഉല്പന്നമായി മാറിക്കഴിഞ്ഞു. വെള്ളം നിറയ്ക്കുന്ന കുപ്പികളും അത്യന്തം മാരകമായിത്തീർന്നിരിക്കുകയാ ണ്. ഫാക്ടറികളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ തള്ളുന്ന മലിനജലം നദികളെ നശിപ്പിക്കുന്നു. അതിലെ മത്സ്യസമ്പത്തും കുടി വെള്ളവും വലിയ പ്രശ്നമായിതീർന്നിരിക്കുകയാണ്. അന്തകവി ത്തുകളുമായി വരുന്ന കുത്തക വിദേശ സ്വദേശ കമ്പനികൾ കൃഷി യുടെ മരണമണി മുഴക്കുന്നു. രാസവളങ്ങളും കീടനാശിനികളും കൃഷിയേയും ഭൂമിയേയും മാത്രമല്ല കൃഷിക്കാരനെയും നശിപ്പിച്ചു കൊണ്ടിരിക്കുന്നു.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണ മെന്നാണ് ഇൻഫാമിന്റെ നിലപാട്. കാർഷിക പുരോഗതി കർഷകന്റ കണ്ടുപിടുത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. പ്രഗത്ഭരായ കർഷക ശാസ്ത്രജ്ഞന്മാരുടെ മണ്ണാണ് കേരളം. കർഷകന്റെ അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരത മാക്കാനുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്.

ജലം ജീവനാണ്. ജലസംഭരണ സംരക്ഷണ വിനിമയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാകണം. കാലങ്ങൾ മാറുന്നതിനുസരിച്ച് കുടിവെള്ള പ്രശ്ന ങ്ങൾ അതിരൂക്ഷമാകുന്നു. കൃഷിക്കാവശ്യമായ വെള്ളസംഭരണത്തി നുള്ള പദ്ധതികളും കാര്യക്ഷമമാകുന്നില്ല. എക്കാലവും നില നിൽക്കുന്ന കൃഷി ജൈവകൃഷിയാണെന്നതിൽ സംശയമില്ല. ആധു നിക തലമുറയെ ജൈവകൃഷിയുടെ തലങ്ങളിലേയ്ക്ക് കൈപിടിച്ചു യർത്തുന്ന പദ്ധതികളിൽ വരുംനാളുകളിൽ ഇൻഫാം കൂടുതൽ സജീ വമാകുകയാണ്.

ഇന്ത്യൻ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 1940 കളിലെ ഗ്രോമോർ ഫുഡ് പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യ ഉല്പാദനപദ്ധതിയും 1968 ലെ ഹരിതവിപ്ലവവും കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവ്വേകി. എന്നാൽ 1990 കളിലെ ഉദാരവൽക്കരണവും തുടർന്ന് ആഗോളവിപണിയായി രാജ്യത്തെ തുറന്നുകൊടുത്തതും 1995 ൽ ഗാട്ട് കരാറിനെത്തുടർന്ന് ലോകവ്യാപാരസംഘടനയുടെ നിബന്ധനകൾക്ക് വിധേയമായതും ഏറ്റവും വെല്ലുവിളിയുയർത്തിയത് കാർഷികമേഖലയ്ക്കാണ്. 2004 ലെ ആസിയാൻ കരാറും 2009 ൽ ആസിയാൻ രാജ്യങ്ങളുമായുള്ള ചരക്കു ഗതാഗത നിയന്ത്രണം എടുത്തുകളഞ്ഞ് സ്വതന്ത്രവ്യാപാരത്തിലേർപ്പെട്ടതും ഇന്ത്യൻ കാർഷികവിപണിയുടെ തകർച്ചയ്ക്കിടയാക്കി. ഇത്തരം രാജ്യാന്തര കരാറുകളുടെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്ന കാർഷികപ്രതിസന്ധിയുടെ മുഖ്യകാരണം.

ആരോഗ്യപൂർണ്ണമായ ഒരു കാർഷിക സംസ്കാരത്തിനുമാത്രമേ നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ശക്തിപകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥ ഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യഉല്പാദനത്തിലും ധാന്യഉപഭോഗത്തിലും ഇന്ന് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും zero poverty സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ കാർഷികമേഖലകളിൽ സർക്കാരിന്റെ വികസന ചെലവുകൾ ഗണ്യമായി വെട്ടിച്ചുരുക്കുക മാത്രമല്ല കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്ന മനോഭാവം രൂപപ്പെട്ടിരിക്കുന്നത് നിരാശാജനകമാണ്.

സർക്കാർ സഹായത്തോടെ നടത്തുന്ന കാർഷിക ഗവേഷണങ്ങളുടെ സദ്ഫലങ്ങൾ കർഷകർക്ക് എത്തിക്കുന്നതിലും പ്രായോഗികനടപടികളിലും ഭരണ സംവിധാനങ്ങൾ വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തപ്പെടണം. ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും, വിതരണവുമിന്ന് കാര്യക്ഷമമല്ല. കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിത കമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉല്പാദന വർദ്ധനവിനുള്ള സാഹചര്യവും ഇല്ലാതായിരിക്കുന്നു.

കർഷകർക്കുള്ള വിത്തും, വളവും വൻതോതിൽ വെട്ടിക്കുറച്ചതും, വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ നിർത്തലാക്കിയതും, കാര്യക്ഷമമായ ബദൽ സംവിധാനങ്ങളേർപ്പെടുത്താതെ നോട്ടുപിൻവലിച്ചതും, സഹകരണപ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ഗ്രാമീണ കാർഷികമേഖലയിലെ പ്രതിസന്ധികൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നതുകൂടാതെ സ്ഥിരതയുള്ള ഉല്പന്നകമ്പോളവും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാർ ഏർപ്പെടാനൊരുങ്ങുന്ന വിവിധ രാജ്യാന്തര കാർഷിക കരാറുകൾ ആഭ്യന്തര കാർഷികമേഖലയിൽ വരും നാളുകളിൽ കൂടുതൽ വെല്ലുവിളികളുയർത്തും. സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി (ആർസിഇപി) യിലൂടെ ഇന്ത്യയും ചൈനയും ആസിയാൻ രാജ്യങ്ങളുമുൾപ്പെടെ 16 രാജ്യങ്ങൾ ചേർന്നുള്ള ഒറ്റ കമ്പോളം രൂപപ്പെട്ടുവരുന്നു. നികുതിരഹിത ഇറക്കുമതിയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യം. വാണിജ്യതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കർഷകനേയും കാർഷികമേഖലയേയും ബലികൊടുക്കുന്ന സാഹചര്യം ആശങ്കയുളവാക്കുന്നു. രാജ്യാന്തര കാർഷിക ഉടമ്പടികളിലൂടെ നേരിടാവുന്ന വെല്ലുവിളികളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും ബദൽസംവിധാനമൊരുക്കുവാനുമുള്ള പ്രവാചകദൗത്യം നിർവഹിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കർഷകസമൂഹത്തിൽ ഒരു കൊടുങ്കാറ്റുപോലെ ഒന്നരപതിറ്റാണ്ടുമുമ്പ് ഇൻഫാം ആഞ്ഞടിച്ചപ്പോൾ ജനമിളകി. അധികാര കേന്ദ്രങ്ങൾ ഞെട്ടി. പുത്തൻ കാർഷിക സംസ്കാരത്തിന്റെ നാമ്പുകൾ പൊട്ടിമുളച്ചു. വർഷങ്ങളായുള്ള അതിന്റെ അലയടികൾ ഈ മണ്ണിൽ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ നാളുകളിലെ അനുഭവങ്ങളും നൊമ്പരങ്ങളും നേട്ടങ്ങളും ഉള്ളിലൊതുക്കി കർഷകരുടെ ഉയർത്തെഴുന്നേല്പ്പിനുള്ള അവസരമാണിത്.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള രണ്ടാം കരടുവിജ്ഞാപനത്തിന്റെ കാലാവധി 2017 മാർച്ച് 4 ന് അവസാനിക്കുന്നതിനു മുമ്പായി പശ്ചിമഘട്ടജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന നെല്ല്, റബർ, തെങ്ങ്, കോഴിവളർത്തൽ, ക്ഷീരോല്പാ

ദനം തുടങ്ങി വിവിധ മേഖലകളിലുള്ള കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചുകാണുന്നത് വേദനാജനകമാണ്. CRZ നിയമം അടിച്ചേൽപ്പിച്ച് തീരദേശജനതയുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന സാഹചര്യമാണുള്ളത്.

മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

നമ്മുടെ യൂണിറ്റുകൾ, രൂപത, ജില്ലാ കമ്മറ്റികൾ കൂടുതൽ സജീവമാക്കണം. മലനാട്ടിലും ഇടനാട്ടിലും തീരദേശത്തുമുള്ള കർഷകപ്രസ്ഥാനങ്ങൾ സംഘടിച്ച് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങുന്നത് കൂടുതൽ പ്രതീക്ഷയേകുന്നു. കർഷകപ്രസ്ഥാനങ്ങൾ എന്നതിനുപരി കർഷകജനതയുടെ നിലനിൽപിനായി ജനാധിപത്യസംവിധാനത്തിൽ കൂടുതൽ പങ്കാളിത്തമുള്ള തിരുത്തൽ ശക്തിയായി നാം നാളകളിൽ മാറേണ്ടിയിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ തളരാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി-682 025

**NB: 2017 ജനുവരി 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**



**C. 4.** **സർക്കുലർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ്

പ്രിയ യുവജനങ്ങളെ, യുവജന ശുശ്രൂഷകരെ,

മനുഷ്യജീവിതത്തിലെ ഏറ്റവും ചൈതന്യവത്തായ കാലഘട്ടം യുവത്വമാണ്. പ്രസരിപ്പുകൊണ്ടും കർമ്മശേഷികൊണ്ടും സഭയെയും സമൂഹത്തെയും ജീവനുള്ളതാക്കുവാനും നയിക്കുവാനുമുള്ള യുവജനങ്ങളുടെ തീക്ഷ്ണത മിശിഹായുടെ ചൈതന്യത്താലും സഭാധികാരികളോടുള്ള വിധേയത്വത്താലും സ്നേഹത്താലും നയിക്കപ്പെടുന്നുവെങ്കിൽ വളരെയേറെ സത്ഫലങ്ങൾ പുറപ്പെടുമെന്നത് നിസ്തർക്കമായ കാര്യമാണ്. വർത്തമാന കാലഘട്ടത്തിലെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയുടെ ഭാഗമായി നമ്മുടെ സഭയിലെ യുവജനങ്ങൾ ഇതര സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യത്യസ്ത ആവശ്യങ്ങൾക്കായി കുടിയേറി പാർക്കുന്നുണ്ട്. ലോകത്തെവിടെയായിരുന്നാലും അവരുടെ സാന്നിദ്ധ്യം സഭ വിലമതിക്കുകയും അവരെ മാതൃസഭയോട് ചേർത്തുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസ പരിശീലനം അതീവപ്രാധാന്യത്തോടെയാണ് നമ്മുടെ സഭ കാണുന്നത്. ''വിശ്വാസികൾ തങ്ങളുടെ റീത്തും ആരാധനക്രമവും വിട്ടുപോകാൻ ഇടയായാൽ സഭയുടെ ആദ്ധ്യാത്മിക ജീവിതത്തെതന്നെ അത് ബാധിക്കും'' (പൗരസ്ത്യസഭകൾ 4. D)എന്ന് സഭ നന്നായി മനസ്സിലാക്കുന്നു. ഇക്കാരണങ്ങളാൽ സീറോമലബാർസഭ യുവജനശാക്തീകരണ പരിപാടികൾ ഉർജ്ജിതപ്പെടുത്തുവാനായി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

1972 മുതൽ ഭാരതകത്തോലിക്കാസഭയിൽ വിവിധ പേരുകളിലാണ് യുവജന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു വരുന്നത്. എന്നാൽ ഇവയൊക്കെയും, ഭാരതത്തിലെ മൂന്നു വ്യക്തിസഭകളിലെ യുവജനങ്ങളെയും ഒരുമിച്ചു ചേർത്തുള്ള പൊതു പ്രവർത്തന വേദികളായിരുന്നു. ഓരോ വ്യക്തി സഭയുടെയും പാരമ്പര്യങ്ങൾക്കു ചേർന്ന

വിശ്വാസപരിശീലനം അതാത് സഭയിലെ യുവജനങ്ങൾക്ക് നൽകാൻ നിലവിലുള്ള യുവജനപ്രസ്ഥാനങ്ങൾക്ക് അധികം സാധിച്ചിരുന്നില്ല എന്നത് പോരായ്മയായിരുന്നു. ഭാരത കത്തോലിക്കാ മെത്രാൻ സമിതി ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുകയും മാതൃസഭക ളുടേതായ വിശ്വാസപരിശീലനമാണ് യുവജനങ്ങൾക്ക് നൽകേണ്ടത് എന്ന് ചിന്തിക്കുകയും ചെയ്തു. അതേത്തുടർന്ന് നമ്മുടെ സഭയിലെ യുവജനങ്ങൾക്കു വേണ്ടി സീറോ മലബാർ യൂത്ത് മൂവ്മെന്റ് (S.M.Y.M.) എന്ന യുവജന ശുശ്രൂഷാ സംവിധാനവും സീറോമല ബാർ യൂത്ത് കമ്മീഷനും നിലവിൽ വന്നു. കേരളത്തിൽനിന്ന് ഇന്ത്യ യുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി പാർക്കുന്ന യുവജനങ്ങളെ സംഘടിപ്പിക്കുകയും മാതൃസഭയോട് ചേർത്തു നിർത്തി സംരക്ഷിക്കുകയും വിശ്വാസപരിശീലനം നല്കു കയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് എസ്.എം. വൈ.എം. (S.M.Y.M.) രൂപപ്പെടുത്തിയിരിക്കുന്നത്. ''പൗരസ്ത്യ സഭ കൾ വളർന്നു വികസിക്കുവാനും അതോടൊപ്പം അവയിൽ നിക്ഷി പ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യ ത്തോടെ പൂർണ്ണമാക്കാനും'' (പൗരസ്ത്യ സഭകൾ: 1) ആഗ്രഹിക്കുന്ന സഭാപിതാക്കന്മാരുടെ ദീർഘവീക്ഷണം ഈ പുതിയ സംവിധാന ത്തിലൂടെ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

സീറോമലബാർ സിനഡിന്റെ തീരുമാനപ്രകാരം നമ്മുടെ സഭ യിലെ യുവജനപ്രസ്ഥാനത്തിന്റെ നിയന്ത്രണവും ഏകോപനവും സീറോ മലബാർ യൂത്ത് കമ്മീഷനിൽ നിക്ഷിപ്തമാണ്. മാർ ജോസഫ് പണ്ടാര ശ്ശേരിൽ പിതാവിനെ യൂത്ത് കമ്മീഷൻ ചെയർമാനായും, മാർ എഫ്രേം നരികുളം, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കൻമാരെ യൂത്ത് കമ്മീഷൻ അംഗങ്ങളായും അഭിവന്ദ്യ മേജർ ആർച്ചുബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിയമിച്ചിട്ടുണ്ട്. ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കലിനെ യൂത്ത് കമ്മീഷൻ സെക്രട്ടറിയായും ശ്രീ. സിജോ അമ്പാട്ടിന്റെ നേതൃത്വത്തിലുള്ള ഒൻപതംഗ സമിതിയെ സീറോമലബാർ യൂത്ത് മൂവ്മെന്റിന്റെ (S.M.Y.M.) പ്രവർത്തക സമിതി അംഗങ്ങളായും യൂത്ത് കമ്മീഷൻ നിയമിച്ചിട്ടുണ്ട്.



സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘട നയായ സീറോമലബാർ യൂത്ത് മൂവ്മെന്റിൽ 15-നും 30-നും ഇട യിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും അംഗങ്ങളാകണമെന്നാണ് നമ്മുടെ സഭ ആഗ്രഹിക്കുന്നത്. സീറോ മലബാർ സഭയിലെ എല്ലാ യുവജനങ്ങളും ഒന്നിച്ചു പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിലെ സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാകയാൽ മറ്റ് പ്രസ്ഥാ നങ്ങളിലും സംഘടനകളിലും അംഗങ്ങളായിട്ടുള്ള യുവജനങ്ങൾ പ്രസ്തുത സംവിധാനങ്ങളിലുള്ള അവരുടെ അംഗത്വം നിലനിർത്തി ക്കൊണ്ടുതന്നെ എസ്.എം.വൈ.എമ്മിൽ (S.M.Y.M.) അംഗങ്ങളായി പ്രവർത്തിക്കാവുന്നതാണ്.

ഇടവകതലം മുതൽ ആഗോളതലം വരെ എസ്.എം.വൈ.എം. (S.M.Y.M.) എന്ന പേരിൽ നമ്മുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം പ്രവർത്തന സജ്ജമാകുന്നതിനുവേണ്ട ക്രമീകരണങ്ങൾ അതിരൂപ തകളിലും രൂപതകളിലും എക്സാർക്കേറ്റിലും മിഷൻകേന്ദ്രങ്ങളിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മ പ്പെടുത്തുന്നു. സിനഡ് അംഗീകരിച്ച എസ്.എം.വൈ.എം. നിയമാ വലി അഭിവന്ദ്യപിതാക്കൻമാർക്കും യുവജന ഓഫീസുകളിലേക്കും ഇതിനോടകം അയച്ചുനൽകിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിലായി ചിതറിക്കിടക്കുന്ന നമ്മുടെ യുവജനങ്ങളെ ഒന്നിച്ചു നിർത്തേണ്ടത് വർത്തമാനകാലത്തിന്റെ ആവശ്യകതയും ഭാവികാ ലത്തിന്റെ പ്രത്യാശയുമാണ്. ഇപ്പോൾ നിലവിലുള്ള യുവജന പ്രസ്ഥാ നങ്ങളായ K.C.Y.M., I.C.Y.M. എന്നിവ മൂന്നുവ്യക്തിസഭകളുടെയും സംസ്ഥാന, ദേശീയപ്രവർത്തനങ്ങൾക്കുള്ള പൊതുസംഘടനാ സംവിധാനങ്ങളായി തുടർന്നും നിലകൊള്ളുന്നതാണ്.

മറ്റൊരു കാര്യം കൂടി നിങ്ങളെ അറിയിക്കാൻ ഞങ്ങൾ ആഗ്ര ഹിക്കുന്നു. നമ്മുടെ ഇടവകകളിൽ നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് വേണ്ടി മൈഗ്രന്റ് ഫോം (Migrant Form) യൂത്ത് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഇടവകയിലും നല്കുന്നതിനായി ഈ ഫോമുകൾ രൂപതാ കേന്ദ്ര ത്തിൽ എത്തിക്കുന്നതാണ്. സ്വന്തം ഇടവകയിൽ ലഭിക്കുന്ന മൈഗ്രന്റ് ഫോം പൂർണ്ണമായും പൂരിപ്പിച്ച് എത്തിച്ചേരുന്ന സ്ഥലങ്ങ

ളിലെ സീറോ മലബാർ സഭാ സംവിധാനങ്ങളിൽ നൽകി അംഗത്വം സ്വീകരിക്കണമെന്ന് പ്രവാസികളാകുന്ന എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. സഭാസംവിധാനങ്ങളോട് ബന്ധപ്പെട്ടു നില്ക്കുന്നതിന് ഈ ക്രമീകരണം നമ്മെ സഹായിക്കും. ആരാലും അറിയപ്പെടാതെയുള്ള യുവജനങ്ങളുടെ ജീവിതം ഏറെ ആത്മീയ-ഭൗതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന കാര്യം മാതാപിതാക്കന്മാരും അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരും അതീവ ഗൗരവത്തോടെ മനസ്സിലാക്കുകയും മൈഗ്രന്റ് ഫോമിന്റെ ഉപയോഗം പ്രയോജനപ്പെടുത്തുകയും ചെയ്യുമല്ലോ.

എസ്.എം.വൈ.എം. (S.M.Y.M.) ന് ക്രിയാത്മകമായ പിന്തുണയും ആവശ്യമായ സഹായസഹകരണവും നല്കി നമ്മുടെ യുവജനങ്ങളെ സുവിശേഷത്തിന്റെ സന്തോഷത്തിലേക്ക് ആനയിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോസഫ് പണ്ടാരശ്ശേരിൽ** (ചെയർമാൻ)

**മാർ എഫ്രേം നരികുളം** (മെമ്പർ)

**മാർ ജോസ് പുത്തൻവീട്ടിൽ** (മെമ്പർ)





**C. 5.** **സർക്കുലർ**

# ക്രൈസ്തവരുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2017

**അഭിവന്ദ്യ പിതാക്കന്മാരെ, വൈദിക സഹോദരങ്ങളെ,**

*കെ.സി.ബി.സി. ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!*

ലോകമെമ്പാടും വിവിധ മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവു വരുത്താനും, വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിന് ശക്തി പകരാനും പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ നൽകിവരുന്ന ശക്തമായ ആത്മീയ നേതൃത്വത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. ഈ വർഷത്തെ സഭൈക്യവാര പ്രാർത്ഥനകൾ പരിശുദ്ധപിതാവിന്റെ ശ്രമങ്ങൾക്ക് വലിയ പിന്തുണനൽകുന്നവയാണ്. കഴിഞ്ഞ ആറുവർഷക്കാലമായി കേരളത്തിലെ സഭൈക്യശുശ്രൂഷകൾക്കും മതസൗഹാർദ്ദപ്രവർത്തനങ്ങൾക്കും നേതൃത്വം വഹിച്ച കെ.സി.ബി.സി. ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷന്റെ ചെയർമാനായിരുന്ന കോട്ടയം അതിരൂപത ആർച്ച് ബിഷപ്പും ഇപ്പോഴത്തെ കെ.സി.ബി.സി. സെക്രട്ടറി ജനറലുമായ അഭിവന്ദ്യ മാത്യു മൂലക്കാട്ട് പിതാവിന്റെ സ്നേഹശുശ്രൂഷകൾക്ക് പ്രത്യേകം നന്ദി പറയുന്നു.

2017-ലെ ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തന വിഷയം 2 കൊറി. 5:14-20 ഭാഗത്തെ അടിസ്ഥാനമാക്കി ''ക്രിസ്തുവിന്റെ സ്നേഹം നിർബന്ധമായും ആവശ്യപ്പെടുന്ന അനുരഞ്ജനം'' എന്നതാണ്. ഇത് രൂപപ്പെട്ട പശ്ചാത്തലവും തിരഞ്ഞെടുക്കാനുണ്ടായ സാഹചര്യവും അഭിമുഖത്തിൽ വിശദമായി അവതരിപ്പിച്ചുകൊണ്ടാണ് ഈ വർഷത്തെ സഭൈക്യവാരപ്രാർത്ഥനകൾ ക്രോഡീകരിച്ചിരിക്കുന്നത്. ലോകമെമ്പാടും വിവിധ ക്രൈസ്തവസഭകൾ ആവേശത്തോടെ ഈ പ്രാർത്ഥനാവാരത്തിൽ പങ്കെടുക്കുമ്പോൾ മതസൗഹാർദ്ദത്തിനും സഭൈക്യശ്രമങ്ങൾക്കും ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവസഭ

കൾക്കും വിശിഷ്യ കത്തോലിക്കാസഭയ്ക്കും ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. നമ്മുടെ എല്ലാ ദേവാലയങ്ങളിലും ഈ പ്രാർത്ഥനകൾ ചൊല്ലുവാനും സഭൈക്യവാരത്തിൽ വിവിധ സഭക ളുമായി ചേർന്ന് കൂട്ടായ പ്രാർത്ഥനകൾക്ക് വേദിയൊരുക്കുവാനും നമുക്ക് കഴിയട്ടെ. ഈ പ്രാർത്ഥനകൾ ഒരുക്കുവാൻ സഹായിച്ച ബഹുമാനപ്പെട്ട ജോസഫ് സുഗുൺ ലിയോൺ അച്ചനെ നന്ദിയോടെ ഓർക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

കെ.സി.ബി.സി. കമ്മീഷൻ ഫോർ ഡയലോഗ് ആന്റ് എക്യുമെനിസം
**റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ** (ചെയർമാൻ)
**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്** (വൈസ് ചെയർമാൻമാർ)
**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്** (വൈസ് ചെയർമാൻമാർ)
**ഫാ. റോബി കണ്ണൻചിറ സി.എം.ഐ.** (സെക്രട്ടറി)
**ഫാ. വർഗ്ഗീസ് മടത്തികുന്നത്ത്, മൂവാറ്റുപുഴ** (ജോ. സെക്രട്ടറി)
**ഫാ.ജോസഫ് സുഗുൺ ലിയോൺ,** കൊല്ലം രൂപത (ജോ. സെക്രട്ടറി)
**ഫാ. ചെറിയാൻ കറുകപറമ്പിൽ,** ചങ്ങനാശ്ശേരി അതിരൂപത (ജോ. സെക്രട്ടറി).

**2017-ൽ വിചിന്തനത്തിനായുള്ള ബൈബിൾ ഭാഗം**

ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു; കാരണം ഒരുവൻ എല്ലാവർക്കുംവേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്ക് ബോധ്യമുണ്ട്. ജീവിക്കുന്നവർ ഇനിയും തങ്ങൾക്ക് വേണ്ടി ജീവിക്കാതെ, തങ്ങളെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന് എല്ലാവർക്കും വേണ്ടി മരിച്ചത്. അതിനാൽ, ഇപ്പോൾ മുതൽ ഞങ്ങൾ ആരെയും മാനുഷികമായ കാഴ്ചപ്പാടിൽ വീക്ഷിക്കുന്നില്ല. ഒരിക്കൽ ഞങ്ങൾ മാനുഷികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ വീക്ഷിച്ചിരുന്നു. ഇനിയൊരിക്കലും അങ്ങനെ ചെയ്യുകയില്ല. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. എല്ലാം നവീനമായി തീർന്നിരിക്കുന്നു. ഞങ്ങളെ ക്രിസ്തുവഴി തന്നോട് രമ്യതപ്പെടുത്തുകയും രമ്യതയുടെ



ശുശ്രൂഷ ഞങ്ങൾക്ക് നൽകുകയും ചെയ്ത ദൈവത്തിൽ നിന്നാണ് ഇവയെല്ലാം. അതായത്, ദൈവം മനുഷ്യരുടെ തെറ്റുകളെയും അതിക്രമങ്ങളെയും അവർക്കെതിരായി പരിഗണിക്കാതെ, രമ്യതയുടെ സന്ദേശം ഞങ്ങളെ ഭര മേല്പ്പിച്ചുകൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തുകയായിരുന്നു. അതിനാൽ ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. കാരണം ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ.

**ആരാധനാ ശുശ്രൂഷാക്രമം**

ലീ - ലീഡർ
സി - കോൺഗ്രിഗേഷൻ
റീ - റീഡർ

**I. യേശുവിന്റെ നാമത്തിൽ സഞ്ചയിതർ**

ലീ: ക്രിസ്തുവിൽ പ്രിയസഹോദരീ സഹോദരന്മാരേ,

ഈ വർഷം അനേകം ക്രൈസ്തവരും സഭാവിഭാഗങ്ങളും നവോത്ഥാനത്തിന്റെ വാർഷികാചരണം നടത്തുന്നതായിരിക്കും. ദൈവം ക്രിസ്തുവിലൂടെ നമ്മെ രക്ഷപ്പെടുത്തിയിരിക്കുന്നെന്നും അനുരഞ്ജനത്തിന്റെ ശുശ്രൂഷകരാകാൻ ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബന്ധിതരാക്കുന്നുവെന്നുമാണ് വി. പൗലോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നത്.

98-ാം സങ്കീർത്തനം/ മറ്റൊരു സ്തുതിഗീതം

**II. നമ്മുടെ പാപങ്ങളാൽ വിഭജിതർ (കുമ്പസാരം)**

ലീ:- അനേകം നവോത്ഥാന നീക്കങ്ങൾ സഭയിലുണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണാൻ സാധിക്കും. സഭ തന്റെ ശിരസായ ക്രിസ്തുവിലേക്ക് ആഴത്തിൽ പരിവർത്തിതയാകേണ്ട ആവശ്യം എപ്പോഴും അനുഭവിക്കുന്നുണ്ട്. ചിലപ്പോഴൊക്കെ നവോത്ഥാന നീക്കങ്ങൾ ഉദ്ദേശിക്കപ്പെടാത്ത വിഭജനങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. യേശു തന്റെ പിതാവിനോട് പ്രാർത്ഥിച്ചത് വി. യോഹന്നാന്റെ സുവിശേഷം 17:23-ൽ ഇപ്രകാരമാണ് : “അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു.

അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതു പോലെ തന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ." വിഭജനം ഈ പ്രാർത്ഥനയുടെ നിഷേധമാണ്. നമുക്ക് നമ്മുടെ പാപങ്ങൾ ഏറ്റുപറയാം. പാപപ്പൊറുതിക്കായും വിഭജനങ്ങൾ സംജാതമാക്കിയ മുറിവുകൾ സുഖപ്പെടു ത്തുന്നതിനായും നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ പാപങ്ങൾ ഏറ്റു പറയുമ്പോൾ എങ്ങനെ നമ്മെ വിഭജിച്ചു മതിലായിതീർന്നുവെന്ന് ധ്യാനിച്ചു മനസിലാക്കാം.

നിശബ്ദതയുടെ ഇടവേള

ലി : നമുക്ക് പ്രാർത്ഥിക്കാം :

സ്വർഗ്ഗസ്ഥനായ പിതാവേ, ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ അവിടുത്തെ മുൻപിലെത്തുന്നു. അവിടുത്തെ പരിശുദ്ധാരൂപിയാൽ നവോത്ഥാനം എന്താണെന്ന് ഞങ്ങൾ അനുഭവിച്ചറിയുന്നു. എന്നിരുന്നാലും ഞങ്ങൾ വിഭജനത്തിന്റെ മതിലുകൾ നിർമ്മിക്കുന്നു. ഈ മതിലുകൾ ഐക്യത്തെയും ഏകോദര സഹോദര ഭാവത്തെയും തടസ്സപ്പെടുത്തുന്നു. വിഭജനത്തിന്റെ മതിലുകളുടെ കല്ലുകളെ ഞങ്ങൾ അങ്ങയുടെ മുൻപിൽ കൊണ്ടുവരുന്നു. സൗഖ്യത്തിനായും പാപ പ്രാപ്തിക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ആമേൻ

(ഓരോ പാപത്തിന്റെയും പേര് എടുത്തു പറയുമ്പോൾ അതിന്റെ പ്രതീകമായ കല്ല് വിഭജനത്തിന്റെ പ്രതീകം നിർമ്മിക്കാൻ വേണ്ടി കൊണ്ടുവയ്ക്കേണ്ടതാണ്. നിശബ്ദതയുടെ ഒരു നിമിഷം)

ലി : വിഭനജത്തിന്റെ മതിലിലെ ഒരു കല്ല് സ്നേഹരാഹിത്യതലമാണ്. ("സ്നേഹരാഹിത്യം" എന്നു രേഖപ്പെടുത്തിയ കല്ല് സ്ഥാപിക്കുന്നു.)

റീ : കൃപാനിധിയായ ദൈവമേ, ഞങ്ങൾ പരസ്പരം കാട്ടിയ വിദ്വേഷത്തിനും അവജ്ഞയ്ക്കും മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ എളിമയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോടും ..................

ലി : വിഭജന മതിലിലെ മറ്റൊരു കല്ല് അടിസ്ഥാനരഹിതമായ ആരോപണമാണ്. (ഇത് രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)



റീ : കൃപാധനനായ ദൈവമേ, പരസ്പരം തരംതാഴ്ത്തി പറഞ്ഞതിനും അടിസ്ഥാനരഹിത ആരോപണങ്ങൾ ഉയർത്തിയതിനും ക്ഷമ ചോദിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിതരാക്കുന്നു. ആയതിനാൽ ഞങ്ങൾ എളിമയോടെ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്..........................

ലീ : വിഭജന മതിലിലെ മറ്റൊരു കല്ല് വിഭജനമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ : കൃപാനിധിയായ ദൈവമേ, ഞങ്ങൾ പുലർത്തുകയും ഞങ്ങളെ തകർക്കുകയും ചെയ്ത മുൻധാരണകൾക്കും വിവേച നങ്ങൾക്കും പൊറുതി യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിതരാക്കുന്നു. ആയതിനാൽ ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട് ....................

(ആലപിച്ച് അവതരിപ്പിക്കാവുന്ന പ്രതിവചനങ്ങൾ പ്രാദേശിക സമിതികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്.)

ലി : വിഭജന മതിലിലെ മറ്റൊരു കല്ല് പീഡനമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ: കൃപാധനനായ ദൈവമേ, പരസ്പരം പീഡിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തതിന് ക്ഷമ യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ സവിനയം പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളുടെ ...............

ലീ : വിഭജന മതിലിലെ മറ്റൊരു കല്ല് തകർന്ന ഐക്യമാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു)

റീ : കൃപ നിറഞ്ഞ ദൈവമേ, സഭാവിഭാഗങ്ങൾ തമ്മിൽ അനൈക്യം നിലനിർത്തിക്കൊണ്ട് വന്നതിന് മാപ്പിരക്കാൻ ഞങ്ങളെ ക്രിസ്തുവിന്റെ സ്നേഹം നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ സവിനയം പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്..............

ലീ : വിഭജനമതിലിലെ മറ്റൊരു കല്ല് മതാസ്പദമായ യുദ്ധങ്ങളാണ്. (ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ : കൃപ തന്നെയായ ദൈവമേ, ഏകദൈവമായ നിന്നെ മറന്നു ഞങ്ങളുടെ പേരിൽ ഞങ്ങൾ നടത്തിയ പോരാട്ടങ്ങൾക്ക് ക്ഷമ യാചിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട് .............

(പ്രതിവചന സങ്കീർത്തനാലാപനം)

ലി : വിഭാഗീയതയാണ് മറ്റുരു കല്ല്.(ഇപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ : കൃപാധനനായ ദൈവമേ, വിഭാഗീയതയിൽ നിഷേധാത്മകമായി ക്രൈസ്തവ ജീവിതം നയിച്ചതിനും സൗഖ്യദായക ശുശ്രൂഷയിലൂടെ സൃഷ്ടിയെ പൂർണ്ണതയിൽ എത്തിക്കാനുള്ള ഞങ്ങൾക്കുള്ള പൊതുവായ ദൗത്യത്തിൽ നിന്നും വ്യതിചലിച്ചുപോയതിനും മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരായി ഞങ്ങൾ വിനയത്തോടെ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്.............

റീ : കൃപാസ്രോതസായ ദൈവമേ, അധികാര ദുർവിനിയോഗം നടത്തിയതിന് മാപ്പു ചോദിക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയമോടെ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്.............

ലീ : വിഭജനമതിലിലെ മറ്റൊരു കല്ലാണ് ''ഒറ്റപ്പെടുത്തൽ''. (അപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു.)

റീ : കാരുണ്യവാനായ ദൈവമേ, ഞങ്ങൾ വസിക്കുന്ന സമൂഹങ്ങളിൽ നിന്നും ഞങ്ങളുടെ സഹോദരങ്ങളെ ഒറ്റപ്പെടുത്തിയതിനും അവരിൽ നിന്നും അകന്നതിനും ക്ഷമ യാചിക്കാൻ ക്രിസ്തുവിന്റെ



സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയപൂർവ്വം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്.............

ലി : വിഭജനമതിലിലെ മറ്റൊരു കല്ല് അഹങ്കാരമാണ്. (അപ്രകാരം രേഖപ്പെടുത്തിയ കല്ല് മുൻപിൽ വയ്ക്കുന്നു)

റീ : ഞങ്ങളുടെ അഹങ്കാരത്തിനു മാപ്പിരക്കാൻ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. ആയതിനാൽ വിനയപൂർവ്വം ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സി : ഞങ്ങളോട്.............

**പ്രതിവചന സങ്കീർത്തനാലാപനം**
**"കർത്താവേ ഞങ്ങളോട് ക്ഷമിക്കേണമേ"**

ലി : നമുക്ക് പ്രാർത്ഥിക്കാം. കർത്താവായ ഞങ്ങളുടെ ദൈവമേ, ഞങ്ങൾ നിർമ്മിച്ച ഈ മതിൽ അങ്ങ് കാണുന്നുവല്ലോ. ഇതു ഞങ്ങളെ പരസ്പരം അകറ്റുന്നു. ഞങ്ങളെ അങ്ങയിൽനിന്നും അകറ്റുന്നു. ഞങ്ങളുടെ അപരാധങ്ങൾ പൊറുക്കേണമേ. ഞങ്ങളെ സുഖപ്പെടുത്തേണമേ. വിഭജനമതിലുകളെ തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കേണമേ. അങ്ങിൽ ഞങ്ങൾ ഒന്നാകാൻ ഇടയാക്കേണമേ.

സി : ഞങ്ങളോട്.............

(ധ്യാനത്തിനുതകുന്ന മൃദുവായ സംഗീതം)

III. ദൈവവുമായി രമ്യപ്പെടുക, ദൈവവചനം ശ്രവിക്കുക

ഒന്നാം വായന : എസെക്കിയേൽ 36 : 25 – 27
പ്രതിവചന സങ്കീർത്തനം : 18 : 25 – 32 (പാടാവുന്നതാണ്)
പ്രതിവചനം : കർത്താവേ! എന്റെ ശക്തിയുടെ ഉറവിടമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
വിശ്വസ്തനോട് അങ്ങ് വിശ്വസ്തത പുലർത്തുന്നു.

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682 025

## രൂപതക്കച്ചേരി

### C. 1/16 പുതുവത്സരാശംസകൾ

ഏവർക്കും ആഗതമായിരിക്കുന്ന പുതുവത്സരത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഐശ്വര്യപൂർണ്ണവും സമാധാന പൂർവ്വകവുമായ ജീവിതം എല്ലാവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Bishop*

### C. 2/17 സഭൈക്യ വാരം

2017 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി സാർവ്വത്രികസഭയിൽ ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സഭൈക്യവാരം ഉചിതമായി ആചരിക്കേണ്ടതാണ് (Propria Vol.I, P.P 286 ff കാണുക).

*Bishop*

### C. 3/17 മാർ മാത്യു പോത്താനാമുഴി പിതാവിന്റെ ചരമവാർഷികം

മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം 2015 ഫെബ്രുവരി 6-ാം തീയതി അനുസ്മരിക്കുകയാണ്. പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം പ്രത്യേക അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

### C. 4/17 Monthly Recollection for Priests

ജനുവരി മാസത്തെ പഠനവിഷയം: യുകാറ്റ് (YOUCAT) നമ്പർ 20 മുതൽ 22 ഉൾപ്പെടെ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*



### C. 5/17 Presbyteral Council

An extra-ordinary meeting of the Presbyteral Council of the Eparchy of Idukki will be held on Tuesday, 17th January 2017 at the Bishop's House, Karimpan. Topics of agenda can be send to the Secretary before 15th January 2017.

Time: 10.30 am - 2.00 pm.

*Secretary*

### C. 6/17 വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടിനുള്ള ഫോറങ്ങൾ ഈ ലക്കം സഹ്യനാദത്തോടൊപ്പം അയയ്ക്കുകയാണ്. ബന്ധപ്പെട്ടവർ ഇവ കൃത്യമായി പൂരിപ്പിച്ച് ഫെബ്രുവരി 28 നകം അതാതു ഫൊറോനാ വികാരിമാരെ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ടിൽ വിവരങ്ങൾ കഴിയുന്നത്ര കൃത്യമായി ചേർക്കുമല്ലോ.

*Chancellor*

### C. 7/17 New Pastoral Council Members 15-12-2016

**I. Ex-officio Members**

1. Protosyncellus
2. Chancellor
3. Finance Officer
4. Judicial Vicar
5. Minor Seminary Rector
6. Education Secretary

**II. Proto Presbyters**

7. Fr. Jose Chemmarappillil
8. Fr. Mathew Karottukocharackal
9. Fr. Francis Edavakandom
10. Fr. Philip Parackal
11. Fr. Joseph Thachukunnel

12. Fr. Jose Chittadiyil
13. Fr. Abraham Purayattu
14. Fr. Thomas Nechukattu
15. Fr. Joseph Kumarakathukalayil
16. Fr. Jose Plachickal

**III. Elected Members of Presbyteral Council**

17. Fr. Pauly Maniyattu
18. Fr. Zacharias Puthiyaparambil
19. Fr. Emmanuel Kuthanapillil

**IV. Nominated Member of Eparchial Consulters**

20. Fr. John Mundackatt

**V. Eparchial Directors**

21. Fr. Jose Karivelickal (Education, Teachers' Guild)
22. Fr. Francis Ambalathinkal (KCYM)
23. Fr. Joseph Kollakompil (Family Apostolate)
24. Fr. Mathew Irumpukuthiyil (Mathruvedi)
25. Fr. Joseph Koickal (Prayer Group)
26. Fr. Sebastian Vadakkel (Catechesis)
27. Fr. Sebastian Kochupurackal (Social Service)
28. Fr. Mathew Arayathinal (CML)
29. Fr. Mathew Puthuparambil (KCSL)
30. Fr. Kurian Podiparackal (DCMS)
31. Fr. James Punnaplackal (Bursar & Women Desk)
32. Fr. Philip Perunattu (Karuna Hospital)
33. Fr. George Pattathekuzhy (AKCC)
34. Fr. George Perumalil (Holy Childhood)
35. Fr. George Kollamparambil (Tea Factory)
36. Fr. George Karivelickal (BCC)
37. Fr. Thomas Anikuzhikattil (Athmajyothi)
38. Fr. Thomas Puthenpura (Jyothis ITC)
39. Fr. Jose Narithookkil (Deepika)
40. Fr. Joseph Pappady (Mady Virudha Samithy)
41. Fr. Karivelickal George (SCC)
42. Fr. Mathew Areeplackal (Ecumenism)



**VI. Representatives of Men Religious**

43. Fr. Superior OFM Conv. Vellayamkudy
44. Fr. Superior CMI, Calvarymount
45. Fr. Superior MCBS, Kombayar
46. Fr. Superior VC, Marayoor
47. Fr. Superior OCD, Sengulam
48. Fr. Superior CST, Mullakkanam
49. Fr. Superior OFM Cap. Thopramkudy
50. Fr. Superior Pallotines, Thadiyanpad
51. Bro. Superior CST Brothers, Kanthippara
52. Fr. Superior O.Carm., Mariapuram
53. Fr. Superior CSsR, Machiplavu
54. Fr. Mariyanand Athakkadu, Benedictine Ashram, Perumthotty

**VII. Representatives of Women Religious**

55. Sr. Provincial SABS
56. Sr. Provincial CMC
57. Sr. Provincial SH
58. Sr. Provincial FCC
59. Sr. Superior SD, Adimali
60. Sr. Superior CSN, Adimali
61. Sr. Superior DM, Pallanad
62. Sr. Superior DST Karimpan
63. Sr. Superior SCSC, Nedumkandom
64. Sr. Superior CSM, Mukkudam
65. Sr. Superior SMS, Mulakuvally
66. Sr. Superior SMC, Murickassery
67. Sr. Superior MSJ, Ellakal
68. Sr. Superior FMM, Manjappetty
69. Sr. Superior SKD, Maryland
70. Sr. Superior Daivamatha Ashram, Mankadavu
71. Sr. Superior LAR Vellakkayam
72. Sr. Superior NS, Pezhumkandom
73. Sr. Superior CSN (Mission) Manjappara
74. Sr. Superior FMA, Kanakakunnu
75. Sr. Superior SMMI, Maniyarankudy

76. Sr. Superior DDS, Thankamany
77. Sr. Superior FSLG, Vazhathopu
78. Sr. Superior FSHA, Thankamany
79. Sr. Superior CHF, Chinnarnirappu
80. Sr. Superior MLF, Bisonvalley
81. Sr. Superior SCJG, Alpara
82. Sr. Superior FSD, Thoprankudy
83. Sr. Superior SCCG, Rajakkadu
84. Sr. Superior CSS, Rajakumary
85. Sr. Superior MMS, Nedumkandom

**VIII. Presidents of Pious Associations and Institutions**

86. Shibu Sebastian (CML)
87. Silby Chunayammackal (MVS)
88. Mr. Manoj (KCSL)
89. Sabu Kunnumpurath (KCYM)
90. Mrs Perly (Mathruvedhi)
91. Mr. Jose Varakukalayil (Vincent De Paul)
92. Prof. Dr. Johnson V.(Principal - Pavanatma College)
93. Shri. Georgekutty MV (HM Representative)
94. Mrs. Rosakutty Abraham (Women Commission)
95. Mr. Binoy Madathil (Teachers Guild)
96. Mr. George Koickal (AKCC)
97. Mr. George Ampazhathinkal (KLM)
98. Mrs. Kunjamma Thomas (Credit Union)
99. Ms. Gracy Naduviledath (Widows Ministry)
100. Mr. Jose Palathinkal, (DCMS)
101. Mrs. Rincy Kuzhikompil (Sunday School)

**IX. Elected Members**

102. Mr. Jijo Joseph Urumbil, Mulakuvally
103. Mr. Shajee Vaikathuparambil, Vazhathope
104. Mrs. Rosakutty Abraham, Vazhathope
105. Mr. Thomas Michael, Kavumkal House, Thovarayar
106. Mr. Sabu Podipara, Podiparackal House, Vellayamkudy
107. Adv. M.M. Mathew, Machukattu House, Thokkupara



108. Mr. Baby Vettikuzhy, Mankulam
109. Mr. Peter Pooney, Koompanpara
110. Mr. Sunny Joseph, Panachananickal House, Pushpakandom
111. Mr. Shiju Thomas, Ulluruppil House, Pachady
112. Ms. Celin Michael, Valiyaparambil House, Nedumkandom
113. Mr. Tomy Joseph, Koothrappallil House, Kamakshy
114. Ms. Celine Tomy, Vanisseril House, Thankamany
115. Mr. Varkey P.A., Pulikiyil House, Pandippara
116. Mr. Jose Sebastian, Koottumkal House, Karimban
117. Mr. George V.K., Varikattu House, Keerithodu
118. Mr. Johny Puthiyaparambil, Ezhukumvayal
119. Mr. Joy Malieckal, Bethel
120. Mr. P.V. Augustine, Pothanikadu House, Kallarkutty
121. Mr. Sony Mathew, Kudappatukunnel House, Chelliampara
122. Mr. Jigi Jose, Vattamala House, Kunchithanni
123. Mr. Johny, Parayiruthottathil House, Rajakadu
124. Ms. Boby Jose Paul, Kurisumkal House, Rajakumary

**X. Nominated Members**

125. Shri. Joice George MP
126. Shri. Roshy Augustine MLA
127. Miss. Kochuthresia Paulose, Rajakumary
128. Shri. Noble Joseph, Vadakkel, Rajamudy
129. Shri. Augusthy Azhakathu, Pazhayarikandom
130. Mrs. Mary Sebastian, Kuzhivelil, Adimali
131. Mr. George Vattappara, Mulakuvally
132. Mr. Saju George, Anandassery House, Ayiramekar
133. Mr. Jiji Abraham, Koottumkal House, Thadiyampadu
134. Mr. Joseph Poomkudiyil, Chinnarnirappu
135. Mr. Luka V.V., Vattakuzhiyil House, Parathodu
136. Mr. Shaji Augustine, Ezhakunnel House, Edamattam
137. Mr. Sunny Thumpanirappel, Murickumthotty
138. Miss. Jomol Jose, Moongamakkal, Kiliyarkandom
139. Mr. Joy Mathew, Plathara House, Nedumkandom
140. Mrs. Beena Aji, Vellayamkudy

Secretary

## C. 8/17 തിരുനാൾ ആശംസകൾ

| | |
|---|---|
| ഫാ. കുര്യാക്കോസ് മറ്റം | - ജനുവരി 3 |
| ഫാ. കുര്യൻ കുര്യാസ് | - ,, |
| ഫാ. കുര്യാക്കോസ് ആറക്കാട്ട് | - ,, |
| ഫാ. കുര്യൻ പൊടിപാറയ്ക്കൽ | - ,, |
| ഫാ. കുര്യാക്കോസ് കാരയ്ക്കാട്ട് | - ,, |
| ഫാ. സെബാസ്റ്റ്യൻ വടക്കേൽ | - ജനുവരി 20 |
| ഫാ. സെബാസ്റ്റ്യൻ മേലേട്ട് | - ,, |
| ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ | - ,, |
| ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ | - ,, |
| ഫാ. സെബാസ്റ്റ്യൻ അമ്പാട്ടുകുന്നേൽ | - ,, |
| ഫാ. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ | - ,, |

# ക്രിസ്തുജ്യോതി

## CJ. 1/17 സുവിശേഷോത്സവ് 2017

സൺഡേസ്കൂൾ കുട്ടികൾക്കായുള്ള സുവിശേഷോത്സവ് 2017 ക്ലാസുകൾ ഏപ്രിൽ 3 മുതൽ 7 വരെയായിരിക്കും. സുവിശേഷോത്സവ് അദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസുകൾ:-

25-02-17 - അടിമാലി - കൂമ്പൻപാറ, പാറത്തോട് ഫൊറോനകൾ.

04-03-17 - രാജാക്കാട് - രാജാക്കാട്, വെള്ളത്തൂവൽ ഫൊറോനകൾ.

11-03-17 - നെടുംകണ്ടം- നെടുംകണ്ടം ഫൊറോന.

18-03-17 - വെള്ളയാംകുടി - വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി ഫൊറോനകൾ.

25-03-17 - വാഴത്തോപ്പ് - വാഴത്തോപ്പ്, ചുരുളി ഫൊറോനകൾ.

എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും പരിശീലന ക്ലാസുകളിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് 50 രൂപയാണ്. പങ്കെടുക്കുന്ന അദ്ധ്യാപകരുടെ എണ്ണം ക്രിസ്തുജ്യോതി ഓഫീസിൽ മുൻകൂട്ടി അറിയിക്കുമല്ലൊ.



## CJ. 2/17 എ.ബി. ഫോമുകൾ

S.S.C., H.C.C. സ്കോളർഷിപ്പ് പരീക്ഷയുടെ എ.ബി. ഫോമുകൾ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജനുവരി 15 ആണ്.

## CJ. 3/17 ഇടവക വിഹിതം

2016-17 പ്രവർത്തന വർഷത്തെ ഇടവക വിഹിതം ഇനിയും തന്നിട്ടില്ലാത്ത ഇടവകകൾ ജനുവരി 30 ന് മുമ്പായി തുക തന്നു തീർക്കുമല്ലൊ.

## CJ. 4/17 സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും നടത്തേണ്ടത് ജനുവരി 15 ന് ആണ്.

# CORPORATE EDUCATIONAL AGENCY

## Edn. 1/17 വേദപാഠം - സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ

വേദപാഠം-സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷ 2017 ജനുവരി 13-ന് വെള്ളിയാഴ്ച നടത്തുന്നതാണ്. K.C.B.C. വിദ്യാഭ്യാസ കമ്മീഷന്റെ ചോദ്യപേപ്പറുകളാണ് സന്മാർഗ്ഗശാസ്ത്രത്തിന് ഉപയോഗിക്കുക. സന്മാർഗ്ഗ ശാസ്ത്രത്തിന് 1, 2, 3 ക്ലാസുകളിൽ ചോദ്യപരീക്ഷയായിരിക്കും നടത്തുക. ഈ വിഷയത്തിൽ 10, 12 ക്ലാസുകളിൽ 90 ശതമാനത്തിൽ കൂടുതൽ മാർക്കു കിട്ടുന്ന കുട്ടികളുടെ ഉത്തരകടലാസ്സുകൾ ജനുവരി 20-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. സംസ്ഥാനതല സ്കോളർഷിപ്പിനുള്ള പുന:പരിശോധനയ്ക്കു വേണ്ടി ഈ പേപ്പറുകൾ K.C.B.C. ഓഫീസിൽ എത്തിക്കാനുള്ളതാണ്.

## Edn. 2/17 സ്കോളർഷിപ് പരീക്ഷ

വേദപാഠം-സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ, 4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി 2017-ഫെബ്രുവരി 4-ാം തിയതി

നിശ്ചയിക്കപ്പെട്ട സെന്ററുകളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർവഴി അറിയിക്കുന്നതാണ്.

**Edn. 3/17 അദ്ധ്യാപക അനദ്ധ്യാപക അവാർഡ്**

ഈ വർഷം Best Teaching and Non Teaching-Staff ആയി തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളവരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ 2017 ജനുവരി 31-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. പരിഗണിക്കപ്പെടേണ്ടവരുടെ പേരുവിവരം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ബഹു. മാനേജർ അച്ചന്മാർ സഹകരിക്കുമല്ലോ.

**Edn. 4/17 അദ്ധ്യാപക അനദ്ധ്യാപക സംഗമം**

ഈ വർഷം നമ്മുടെ അദ്ധ്യാപക അനദ്ധ്യാപക സംഗമം 2017 ഫെബ്രുവരി 11-ന് ശനിയാഴ്ച രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാളിൽ വച്ചു നടത്തുന്നതാണ്. ഈ സംഗമത്തിൽ വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ അദ്ധ്യാപക അനദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**Edn. 5/17 പ്രെമോഷൻ, ട്രാൻസ്ഫർ അപേക്ഷ**

വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും ട്രാൻസ്ഫർ, പ്രൊമോഷൻ എന്നിവക്കുള്ള അപേക്ഷകൾ നിശ്ചിതഫോറത്തിൽ 2017 ജനുവരി 31 ന് മുമ്പ് രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**Edn. 6/17 അക്കാഡമിക് കൗൺസിൽ മത്സര പരീക്ഷ**

അക്കാഡമിക് കൗൺസിൽ സ്കൂൾതല മത്സര പരീക്ഷ 17-01-2017 ചൊവാഴ്ച (2-4 pm) അതാതു സ്കൂളുകളിൽവച്ചും രൂപതാതല പരീക്ഷ 14-02-2017 ചൊവാഴ്ച രാവിലെ 10 മുതൽ 12 വരെയുള്ള സമയത്ത് നിശ്ചയിക്കപ്പെട്ട സെന്ററുകളിൽവച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

**Edn. 7/17 സ്കൂൾ മാഗസിൻ മത്സരം**

LP, UP, HS, HSS വിഭാഗങ്ങൾക്കായുള്ള സ്കൂൾ മാഗസിൻ മത്സരം 2017 ജനുവരി 7-ന് നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ നടത്തുന്നതാണ്.



# സോഷ്യൽ സർവ്വീസ്

**SS 1/17 കാരുണ്യ വർഷ സമാപനം**

കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് സൊസൈറ്റിയുടെ സ്റ്റാഫ്അംഗങ്ങൾ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിലേയ്ക്ക് തീർത്ഥാടനം നടത്തുകയും കരുണയുടെ കവാടം കടന്ന് ദണ്ഡവിമോചനം പ്രാപിക്കുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ തീർത്ഥാടകരായി എത്തിയ ദൈവജനത്തിനായി ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**SS 2/17 സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ (SAFP)**

SAFPയുടെ ടീം കോർഡിനേറ്റർ ശ്രീ. ജോൺ മൈക്കിളിന്റെ നേതൃത്വത്തിൽ നവംബർ മാസം 24, 25 തീയതികളിലായി ഫീൽഡ് വിസിറ്റ് നടത്തപ്പെട്ടു. സൊസൈറ്റിയിൽനിന്നും സഹായം നല്കുന്നതിൽ നാല് ഇടവകകളിലെ 7 കുടുംബങ്ങളിലാണ് (തൊവരയാർ, ഇരട്ടയാർ, മുളകുവള്ളി, ഭൂമിയാംകുളം) സന്ദർശനം നടത്തിയത്. സൊസൈറ്റിയിൽനിന്നും പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. മെൽബിൻ മാത്യു, ശ്രീമതി കുഞ്ഞമ്മ തോമസ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**SS 3/17 തീരം - വാർഷികവും വികലാംഗ ദിനാചരണവും**

ഭിന്നശേഷിയുള്ളവരുടെ സംഘടനയായ തീരത്തിന്റെ വാർഷികവും വികലാംഗ ദിനാചരണവും കരിമ്പൻ പാരീഷ് ഹാളിൽ വച്ച് നടന്നു. മോൺ. ജയിംസ് മംഗലശ്ശേരി യോഗത്തിന് അദ്ധ്യക്ഷത വഹിക്കുകയും ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുത്രേസ്യാ പൗലോസ് യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തീരം ജനറൽ കൺവീനർ ഫാ. ജോസ് കാവുങ്കൽ, രൂപതാ പ്രസിഡന്റ് ശ്രീ. ജോബ് കലമറ്റം എന്നിവർ ആശംസകൾ അർപ്പിച്ച്

സംസാരിച്ചു. ശ്രീ. എബിൻ കുറുന്താനത്ത്,കുമാരി ഷീനാ ലിസ് മാത്യു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### SS 4/17 ജലസേചന വാട്ടർ ടാങ്കുകളുടെ നിർമ്മാണം

എച്ച്.ഡി.എസിന്റെ കീഴിലുള്ള ഹരിത സമൃദ്ധി പദ്ധതിയുടെഭാഗമായി കൃഷിയ്ക്കാവശ്യമായ ജലസേചനത്തിനുള്ള വാട്ടർ ടാങ്കുകളുടെ നിർമ്മാണം മറയൂർ കൂടയ്ക്കാട്ടുകുടി ഗ്രാമത്തിൽ ആരംഭിച്ചു. 10000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കുകളാണ് നിർമ്മിക്കുന്നത്. പ്രവർത്തനങ്ങൾക്ക് പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, ഫീൽഡ് കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനത്ത്, കുമാരി മായാദേവി എന്നിവർ നേതൃത്വം നൽകി.

### SS 5/17 ഫാം ഫ്രണ്ട്സ് ഗ്രൂപ്പ് - മീറ്റിംഗ്

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സീഡ് ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി ഫാം ഫ്രണ്ട്സ് ഗ്രൂപ്പുകൾക്ക് പ്രാഥമിക പരിശീലനം നടത്തി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്ത പരിപാടികൾക്ക് പ്രോജക്ട് ഓഫീസർശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. എബിൻ കുറുന്താനത്ത്, ശ്രീ. മെൽബിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

### SS 6/17 സെൻട്രൽ കമ്മറ്റി മീറ്റിംഗ്

സൊസൈറ്റിയുടെ സെൻട്രൽ കമ്മറ്റി മീറ്റിംഗ് ഡിസംബർ 16-ാം തീയതി രാവിലെ 10 മണിക്ക് മരിയാപുരം ഓഫീസിൽ വച്ച് കൂടുകയും ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ക്രെഡിറ്റ് യൂണിയന്റെയും സംഘങ്ങളുടെയും നിയമാവലി പുനക്രമീകരിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്തു.

### SS 7/17 നബാർഡ് പ്രോജക്ട് അവലോകനം

സൊസൈറ്റി നടത്തുന്ന നബാർഡിന്റെ പ്രോജക്ടുകളുടെ പ്രവർത്തന വിലയിരുത്തലും മഞ്ഞപ്പാറയിൽ നടത്തുന്നപ്രോജക്ടിന്റെ വിലയിരുത്തലും നബാർഡിന്റെ നേതൃത്വത്തിൽ പീരുമേട്



ഡവലെപ്മെന്റ് സൊസൈറ്റിയിൽ വച്ച് ഡിസംബർ 5-ാം തീയതി നടന്നു. ശ്രീ. സിബി തോമസ്, ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ പങ്കെടുത്തു.

### SS 8/17 ഓർഗാനിക് ഉത്പന്നങ്ങളുടെ വിപണനം

നബാർഡ് ഹൈദരാബാദിൽ വച്ച് നടത്തിയ ഓർഗാനിക് ഉൽപ്പന്നങ്ങളുടെ വിപണനമേളയിൽ ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയെ പ്രതിനിധീകരിച്ച് ശ്രീ. അരുൺ വിനോദ്, ശ്രീ. ജിലീഷ് ജോർജ്ജ് എന്നിവർ സംബന്ധിക്കുകയും, കമ്പനിയുടെ ഉത്പന്നങ്ങൾ വിപണനം നടത്തുകയും ചെയ്തു. ഒരാഴ്ച നീണ്ടുനിന്ന മേളയിൽ സൊസൈറ്റിയുടെ ഉത്പന്നങ്ങൾക്ക് നല്ല സ്വീകാര്യത ലഭിച്ചു.

### SS 9/17 FPO പരിശീലന പരിപാടി

നബാർഡിന്റെ എറണാകുളം റീജിനൽ ഓഫീസിനു കീഴിലുള്ള എഫ്.പി.ഒ. (ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) കൾക്കായി എറണാകുളത്തുവച്ച് നടന്ന പരിശീലന പരിപാടിയിൽ സൊസൈറ്റിയിൽനിന്നും സി. ബിയാ ചാത്തംകോട്ട്, ശ്രീ. ഏണസ്റ്റ് ടോം ജോസഫ് എന്നിവർ പങ്കെടുത്തു.

### SS 10/17 പുതിയ യൂണിറ്റ്

ശെല്യാംപാറ ഇടവകയിൽ ക്രെഡിറ്റ് യൂണിയൻ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന് പ്രാരംഭ സമ്മേളനം നടത്തി.

#### യൂണിറ്റ് മീറ്റിംഗ്

**കാന്തിപ്പാറ:-** കാന്തിപ്പാറ ക്രെഡിറ്റ് യൂണിയൻ മീറ്റിംഗ് രക്ഷാധികാരി റവ. ഫാ. ജോസഫ് പാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ എന്നിവർ സന്നിഹിതരായിന്നു.

**തങ്കമണി:-** തങ്കമണി ഇടവകയിൽ ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് മീറ്റിംഗ് രക്ഷാധികാരി റവ. ഫാ. തോമസ് നെച്ചുകാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപതാ പ്രസിഡന്റ് ശ്രീമതികുഞ്ഞമ്മ തോമസ്,

സി. ആൽബി എസ്.എ.ബി.എസ്. എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രസ്തുത മീറ്റിംഗിൽ യൂണിറ്റിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

### SS 11/17 ദുരിതാശ്വാസ നിധി

നവംബർ മാസം സൊസൈറ്റിയിൽനിന്നും ചികിത്സയ്ക്കും, ഭവനനിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി 16000/- രൂപയുടെ ധനസഹായം നൽകി.

### SS 12/17 കോഴിക്കുഞ്ഞ് വിതരണം

കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ സൊസൈറ്റിയിൽനിന്നും ആവശ്യക്കാർക്കായി 6920 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

### SS 13/17 സോളാർ വിതരണം

കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ സൊസൊറ്റിയിൽനിന്നും വിവിധ യൂണിറ്റുകളിലേയ്ക്കായി 86 ലൈറ്റ്കിൻ സോളാർ പാനലുകൾ വിതരണം ചെയ്തു.

## ചെറുപുഷ്പ മിഷൻലീഗ്

### CML 1/17 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

സി.എം.എൽ. ഇടുക്കി രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2017 ജനുവരിമാസം 26-ാം തീയതി വ്യാഴാഴ്ച്ച രാവിലെ 10 മുതൽ കരിമ്പൻ ബിഷപ്സ് ഹൗസിൽ ചേരുന്നു. എല്ലാ ശാഖാ, മേഖലാ ജോയിന്റ് ഡയറക്ടർ സിസ്റ്റേഴ്സും ഇതിൽ പങ്കെടുക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

### CML 2/17 മദർ തെരേസ ഉപന്യാസരചനാ മത്സരം

സി.എം.എൽ. ഇടുക്കി രൂപതയുടെ എല്ലാ മേഖലാ കേന്ദ്ര ങ്ങളിലും 2017 ജനുവരി 26-ാം തീയതി വ്യാഴാഴ്ച മേഖലാ ഭാരവാ ഹികളുടെ നേതൃത്വത്തിൽ മദർ തെരേസ ഉപന്യാസരചനാ മത്സരം



നടത്തേണ്ടതാണ്. രാവിലെ 10 മുതൽ 11.30 വരെയാണ് സമയം. ഒരോ ശാഖയിൽനിന്നും 20 വയസ്സിൽ താഴെയുള്ള ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും ഉപന്യാസരചനാ മത്സരത്തിൽ പങ്കെടുക്കാം. മേഖലയിൽ നടത്തുന്ന മത്സരത്തിന്റെ പേപ്പറുകൾ ആൺ പെൺ തിരിച്ച് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മത്സര വിജയി കൾക്ക് 1001, 501, 251 എന്നിവ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാന ങ്ങൾക്ക് നല്കുന്നതാണ്.

### CML 3/17 രൂപതാ നേതൃത്വ പരിശീലന ക്യാമ്പ്

സിഎം.എൽ. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പടമുഖം സ്നേഹമന്ദിരത്തിൽ നടത്തിയ രൂപതാ നേതൃത്വ പരിശീലന ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയ റിയിക്കുന്നു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

### CML 4/17 ജീവജലം വചനമെഴുത്ത് മത്സര വിജയികൾ

**ജൂണിയർ ബോയ്സ്**

Ist - ആൽബി അഗസ്റ്റ്യൻ തെക്കെക്കുറ്റ്, ഉദയഗിരി
IInd - ആൽബിൻ സിബി കുത്തനാപ്പിള്ളിൽ, വാഴത്തോപ്പ്
IIIrd - ആന്റോ ജോസഫ് തയ്യിൽ, കുതിരക്കല്ല്.

**സീനിയർ ബോയ്സ്**

Ist - അലൻ കെ. ജോഷി കുഴിവേലിൽ, മാങ്കുളം
IInd - ബിബിൻ ഷാജി വാളികുളത്ത്, ഉദയഗിരി
IIIrd - അലൻ തോമസ് കൂടപ്പാട്ട്, ഇരട്ടയാർ.

**ജൂണിയർ ഗേൾസ്**

Ist - മരിയാ മോൾ റോബിൻ പതിയിൽ, തൊവരയാർ.
IInd - ആഗ്നസ് തെരേസ് ഷാജി തോട്ടുമറ്റം, ഇരട്ടയാർ
IIIrd - അലീന ഡെനി അരീക്കാട്ട്, നീലിവയൽ.

**സീനിയർ ഗേൾസ്**

Ist - അലീന മോൾ ജോഷി കുഴിവേലിൽ, മാങ്കുളം.
IInd - ക്രിസ്റ്റീന ജോൺസൺ കാളിയാനിക്കൽ, കാൽവരിമൗണ്ട്
IIIrd - ദിവ്യ ബിനോയി മണിമലയിൽ, വാഴത്തോപ്പ്.

# കെ.സി.എസ്.എൽ.

**KCSL 1/17 രൂപതാ കിഡ്സ് ഫെസ്റ്റ്**

എൽ.പി. വിഭാഗം കുട്ടികൾക്കായി നടത്തുന്ന കെ.സി.എസ്. എൽ. രൂപതാ കിഡ്സ് ഫെസ്റ്റ് ഫെബ്രുവരി 4-ാം തീയതി ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തുന്നു. വിവിധ വിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. വിഭാഗം - 1 : Std I & II; വിഭാഗം - 2 : Std III & IV ഓരോ വിഭാഗത്തിലും ഒരു സ്കൂളിൽനിന്ന് ഒരു കുട്ടി / ഒരു ടീം മാത്രം. മത്സരത്തിന് ആൺ പെൺ വേർതിരിവില്ല.

**KCSL 2/17 രൂപതാ ലീഡേഴ്സ് ക്യാമ്പ്**

നേതൃത്വനിരയിലേക്ക് കുട്ടികളെ വളർത്തുന്നതിനായി തോപ്രാംകുടി അസ്സീസി ധ്യാനകേന്ദ്രത്തിൽ ജനുവരി 6-ാം തീയതി 5.30 pm മുതൽ 7-ാം തീയതി 3.30 pm വരെ നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു. 6, 9, 11 ക്ലാസുകളിൽ പഠിക്കുന്ന നേതൃത്വപാടവമുള്ള 2 കുട്ടികളെ വീതം (1 ആൺ, 1 പെൺ) പങ്കെടുപ്പിക്കാം. രൂപതാ സംസ്ഥാന ഭാരവാഹികളെ ഇതിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 200 രൂപ.

**KCSL 3/17 അഭിനന്ദനങ്ങൾ**

കെ.സി.എസ്.എൽ. നിയുക്ത സംസ്ഥാന പ്രസിഡന്റ് ശ്രീ. മാത്തുക്കുട്ടി K.M. (പ്രിൻസിപ്പാൾ S.T.H.S.S. തങ്കമണി), വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ വി.വി. (S.J.U.P.S. വെള്ളയാംകുടി) എന്നിവർക്ക് കെ.സി.എസ്.എൽ. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. സംസ്ഥാന സാഹിത്യമത്സരത്തിൽ ഇടുക്കി രൂപത ഓവറോൾ ഫസ്റ്റ് കരസ്ഥമാക്കിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.



**KCSL 4/17 നന്ദി**

ക്രിസ്തുരാജന്റെ തിരുനാൾ, കെ.സി.എസ്.എൽ. ദിനാഘോഷം എന്നിവ വിജയകരമായി നടത്തിയ സെന്റ് ജോസഫ് ഹൈസ്കൂൾ ഉപ്പുതോട്, സെന്റ് തോമസ് ഹൈസ്കൂൾ പുന്നയാർ എന്നീ സ്കൂൾ അധികൃതർക്ക് കെ.സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.

**KCSL 5/17 സംസ്ഥാന സാഹിത്യ മത്സര വിജയികൾ**

**CHITHRA RACHNA**

HS III$^{rd}$ Price - Namitha Tony, St. Thomas HS Erattayar
HSS I$^{st}$ Price - Abil Siby, St. Mary's HSS Murickassery

**KAVITHA**

HSS I$^{st}$ Price - Christy Prince, St. Jeromes HSS Vellayamkudy

**BIBLE QUIZ**

UP I$^{st}$ Price - Melbin Royson & Abin Baiju
St. Sebastian HS, Pottankadu
UP III$^{rd}$ Price - Swetha Varghese & Diyona Robert
St. George UPS, Vazhathoppe
HS I$^{st}$ Price - Jomaria Jojo & Asha Biju
St. Sebastian HS, Pottankadu
HS II$^{nd}$ Price - Eamil C. Abraham & Josna Treesa
St. Thomas HS, Erattayar

**KCSL QUIZ**

UP II$^{nd}$ Price - Asha K. Michael & Kesiya Manoj
St. George UPS, Vazhathoppe.

**UPNYASAM**

HSS I$^{st}$ Price - Anna Maria Jose, St. Thomas HSS, Erattayar

# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 1/17 ഏലീശ്വാ ധ്യാനം**

ഗർഭസ്ഥശിശുക്കളുടെ മാതാപിതാക്കൾക്കുവേണ്ടി ഒരുക്കുന്ന ആന്തരീക സൗഖ്യ ധ്യാനത്തിൽ ആരാധനയും, ഗൈനക്കോളജി ശിശുരോഗ വിദഗ്ദരുടെ ക്ലാസുകളും കൗൺസിലിംഗും ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാമത്തെ കുഞ്ഞുങ്ങൾ ഉള്ള മാതാപിതാക്കൾക്ക് ധ്യാനം സൗജന്യമായിരിക്കും.

ജനുവരി 20 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്കാരംഭിച്ച് 22 ഞായറാഴ്ച 3 മണിക്ക് സമാപിക്കുന്നു.

**FA 2/17 വിവാഹ ഒരുക്ക സെമിനാർ**

2017 ജനുവരി 9 തിങ്കൾ മുതൽ 11 ബുധൻ വരെ
" ജനുവരി 28 ശനി മുതൽ 30 തിങ്കൾ വരെ
" ഫെബ്രുവരി 13 തിങ്കൾ മുതൽ 15 ബുധൻ വരെ

സ്ഥലം :- ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111.

# നവോമി കുടുംബ കേന്ദ്രം

**NFC 1/17 നവോമി ധ്യാനം**

വിധവകളായ അമ്മമാർക്കുവേണ്ടി നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ വചനാധിഷ്ഠിതമായ ആരാധനാസ്തുതിപ്പുകളും കൗൺസിലിംഗും ക്രമീകരിച്ചിരിക്കുന്നു.

ജനുവരി 20-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിക്കുന്നു.



**NFC 2/17 നവോമി സംഘടനാ ഭാരവാഹികൾ**

നമ്മുടെ രൂപതയിൽ പുതുതായി ആരംഭിച്ച നവോമി സംഘടനാ (വിധവകളുടെ കൂട്ടായ്മ) ഭാരവാഹികളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. **സെന്റ് ജോസഫ് ചർച്ച് - പാണ്ടിപ്പാറ**

ഡയറക്ടർ - റവ. ഫാ. കുര്യൻ കുര്യാസ്
പ്രസിഡന്റ് - മിനി ജോസഫ് കാളിരുപറമ്പിൽ
സെക്രട്ടറി - എൽസി ജോസ് മാളിയേക്കൽ
കമ്മറ്റി അംഗം - എലിസബത്ത് ചക്കാലയ്ക്കൽ

2. **വിമല മാതാ ചർച്ച്, വിമലഗിരി**

ഡയറക്ടർ - റവ. ഫാ. സെബാസ്റ്റ്യൻ വടക്കേൽ
പ്രസിഡന്റ് - മിനി ജോസഫ് വട്ടപ്പാറയിൽ
സെക്രട്ടറി - അച്ചാമ്മ ചാക്കോ വടക്കുംപറമ്പിൽ
കമ്മറ്റി അംഗം - മേരിക്കുട്ടി ജോസഫ് ചെന്തക്കാട്ടുകുന്നേൽ

3. **സെന്റ് ആന്റണീസ് ചർച്ച്, കാമാക്ഷി**

ഡയറക്ടർ - റവ. ഫാ. ജോസഫ് വാഴയിൽ
പ്രസിഡന്റ് - ഷൈനി ജോർജ് കോന്തിയാമഠത്തിൽ
സെക്രട്ടറി - ജെസ്സി ജോസ് പീടികപറമ്പിൽ
കമ്മറ്റി അംഗം - മിനി തകിടിപുറത്ത്

4. **സെന്റ് തോമസ് ചർച്ച്, ആയിരമേക്കർ**

ഡയറക്ടർ - റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ
പ്രസിഡന്റ് - എൽസി ബെന്നി മുതുപ്ലാക്കൽ
സെക്രട്ടറി - അന്നമ്മ സെബാസ്റ്റ്യൻ കാവിപുരയിടത്തിൽ
കമ്മറ്റി അംഗം - ക്ലാരിസ്റ്റ് തോമസ്.

# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 1/17 വരദാന വളർച്ചാ ധ്യാനം**

2017 ഫെബ്രുവരി 14-ാം തീയതി 10.00 am മുതൽ 17-ാം തീയതി 2.00 pm വരെ സി. നിർമ്മൽ കുളത്തുവയൽ നേതൃത്വം നൽകുന്ന വരദാന വളർച്ചാ ധ്യാനം കനകക്കുന്ന് പള്ളിയിൽ നടക്കുന്നു.

**PG 2/17 ആത്മാഭിഷേക വിടുതൽ ധ്യാനം**

2017 ജനുവരി 8 മുതൽ 12 വരെ പടമുഖം സ്നേഹ മന്ദിരത്തിൽ ആത്മാഭിഷേക വിടുതൽ ധ്യാനം ഫാ. ജോസഫ് കോയ്ക്കലിന്റെ നേതൃത്വത്തിൽ നടക്കുന്നു.

**PG 3/17 കരിസ്മാറ്റിക് ജൂബിലിവർഷം 2016-17**

2016-17 കരിസ്മാറ്റിക് ജൂബിലി വർഷത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും ഒരു ഏകദിന സെമിനാർ നടത്തുന്നു, 10.00 am മുതൽ 3.30 pm വരെ നടക്കുന്ന സെമിനാറിന് പ്രത്യേക ഫോർമേഷൻ ലഭിച്ച സോണൽ റീസോഴ്സ് ടീമാണ് നേതൃത്വം നൽകുന്നത്.

**PG 4/17 റിസോഴ്സ് ടീം ഫോർമേഷൻ**

കരിസ്മാറ്റിക് ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകകളിൽ സെമിനാർ നടത്തുന്നതിനുള്ള ടീം അംഗങ്ങളുടെ പരിശീലനം ഡിസംബർ 9 വെള്ളി 5.00 pm മുതൽ 9.00 വരെ മുരിക്കാശ്ശേരി പള്ളിയിൽ നടന്നു.

**PG 5/17 സർവ്വീസ് ടീം അംഗങ്ങളുടെ കൂട്ടായ്മ**

ഡിസംബർ 21 ബുധൻ 5.00 pm മുതൽ 9.00 pm വരെ കനകക്കുന്ന് പള്ളിയിൽ സബ്-സോൺ സർവ്വീസ് ടീം അംഗങ്ങളുടെയും മിനിസ്ട്രി ലീഡേഴ്സിന്റെയും കൂട്ടായ്മ നടക്കുന്നു.



**PG 6/17 വളർച്ചാ ധ്യാനം**

ഡിസംബർ 30-ാം തീയതി 10.00 am മുതൽ 31-ാം തീയതി 4.00 pm വരെ രാജാക്കാട് സബ്-സോണിന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ, കോർ-ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവർക്ക് ഇടുക്കി തങ്കച്ചായന്റെ നേതൃത്വത്തിൽ വളർച്ചാ ധ്യാനം രാജകുമാരി പള്ളിയിൽ നടക്കുന്നു.

# കേരള ലേബർ മൂവ്മെന്റ്

**KLM 1/17 ക്രൈസ്തവ അവഹേളനത്തിൽ പ്രതിഷേധിച്ചു**

സാത്താൻ സേവകരുടെ പിണിയാളായി വിശുദ്ധമായ അന്ത്യ അത്താഴ ചിത്രത്തെ മ്ലേച്ഛമാക്കി മനോരമ പ്രസിദ്ധീകരണമായ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച ക്രൈസ്തവ അവഹേളനത്തിനെതിരെ കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റി പ്രതിഷേധിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി ഉദ്ഘാടനം ചെയ്തു. ബേബി സേവ്യർ, എം.ജെ. ഡേവിസ്, മേഴ്സി ജോസഫ്, ജോബി കണിയാംകണ്ടത്തിൽ, ഷൈബി, ബിനോയി തേനാംങ്കര, വി.എം. ജോയി മോൻ തുടങ്ങിയവർ സംസാരിച്ചു.

**KLM 2/17 സുരക്ഷാ പ്രൊവിഡന്റ് ഫണ്ട്**

സ്വാലംബൻ സുരക്ഷാപദ്ധതിയിൽ ചേർന്ന് പ്രൊവിഡന്റ് ഫണ്ട് വിഹിതം അടച്ചുകൊണ്ടിരിക്കുന്നവരുടെ 2016 വർഷത്തെ വിഹിതം 2017 ജനുവരി 10 വരെ കരിമ്പൻ ബിഷപ്പ് ഹൗസിലെ രൂപതാ ഓഫീസിൽ അടക്കുന്നതിന് അവസരമുണ്ടായിരിക്കും.
ഫോൺ: 9495125585.

**KLM 3/17 വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാകാം**

കേരളാലേബർ മൂവ്മെന്റ് നേതൃത്വം കൊടുക്കുന്ന വിവിധ ക്ഷേമനിധികളായ നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി,

തോട്ടം തൊഴിലാളി തുടങ്ങിയവയിൽ പുതിയതായി ചേരുവാൻ ആഗ്ര ഹിക്കുന്നവർക്ക് 2017 ജനുവരി 10 വരെ കെ.എൽ.എം. രൂപതാ ക മ്മിറ്റി ഓഫീസിൽ അവസരമുണ്ടായിരിക്കുന്നതാണ്.

**KLM 4/17 ശാഖാ കമ്മിറ്റികൾ**

വിവിധ ഇടവകകളിൽ 20 രൂപാ മെമ്പർഷിപ്പ് ഫീസ് അടച്ച് 25 പേരെയെങ്കിലും കുറഞ്ഞത് ചേർക്കുവാൻ ആഗ്രഹിക്കുന്നുവെ ങ്കിൽ കെ.എൽ.എം. ശാഖാ കമ്മറ്റി രൂപികരിക്കാം. താല്പര്യമുള്ള ഇടവകയിലെ ബഹു. വികാരിയച്ചന്മാർ കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**KLM 5/17 കര-കടൽ-ആകാശ യാത്ര**

2017 ജനുവരി 12, 13 തീയതികളിൽ കര-കടൽ-ആകാശ യാത്ര യുടെ അടുത്ത ട്രിപ്പ് തോപ്രാംകുടി, മുരിക്കാശ്ശേരി പാറത്തോട്, ബൈസൺ വാലി, രാജാക്കാട് എന്നിവിടങ്ങളിൽ നിന്നും പുറപ്പെടും. ഭക്ഷണമുൾപ്പെടെ 4000 രൂപയാണ് ചെലവ്. ഫോൺ : 9495125585.

# ആത്മജ്യോതിയിലെ പരിപാടികൾ

**ജനുവരി 2017**

01 - 06 : എഫ്ഫാത്താ ധ്യാനം
09 - 11 : വിവാഹ ഒരുക്ക സെമിനാർ
19 - 22 : ഏലീശ്വാ ധ്യാനം
21 - 22 : തിയോളജി കോഴ്സ്
26 : തിയോളജിക്കൽ സ്റ്റഡി ഫോറം
28 - 30 : വിവാഹ ഒരുക്ക സെമിനാർ






05-07 എറണാകുളത്ത് കെ.സി.ബി.സി. യിൽ പങ്കെടുത്തു.

19 സ്ലീവാമല മംഗലശ്ശേരിയിൽ മേരി ജോസഫിന്റെ പുലയടിയ ന്തിരത്തിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

20 രൂപതാ കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

25 കത്തീഡ്രൽ പള്ളിയിൽ തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നല്കി.

26 കത്തീഡ്രൽ പള്ളിയിൽ ബഹു. ഡീക്കന്മാരുടെ തിരുപ്പട്ട ശുശ്രൂ ഷയിൽ സംബന്ധിച്ച് സന്ദേശം നൽകി.

31 അടിമാലി ആത്മജ്യോതിയിൽ നടന്ന രൂപതാ പാസ്റ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.




| | | |
|---|---|---|
| 01 | 04.00 pm | - കുരിശുപള്ളി വെഞ്ചരിപ്പ്, തൊവരയാർ |
| 07 | 03.30 pm | - വൈദീകമന്ദിരം വെഞ്ചരിപ്പ്, മുട്ടുകാട് |
| 08 | 04.30 pm | - കുരിശുപള്ളി വെഞ്ചരിപ്പ്, പോത്തുപാറ |
| 09-14 | | - ബിഷപ്സ് സിനഡ്, കാക്കനാട് |
| 17 | 10.30 am | - പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |
| 18 | 11.00 am | - സ്നേഹമന്ദിരം വാർഷികം, പടമുഖം |
| 26 | | - മാതൃവേദി വാർഷികം, വെള്ളയാംകുടി |

